# ക്നാനായ
# സുവിശേഷ സമാജം

## നമസ്ക്കാരക്രമവും
## ഗീതങ്ങളും

**(ശ്രേഷ്ഠാനുമതിയോടു കൂടിയത്)**

# നമസ്ക്കാരക്രമവും കൺവൻഷൻ ഗീതങ്ങളും


സന്ധ്യാ നമസ്ക്കാരം 5

പ്രഭാത നമസ്ക്കാരം 21

വലിയ നോമ്പിലെ സന്ധ്യാ നമസ്ക്കാരം 33

വലിയ നോമ്പിലെ മയ്യലിന്റെ നമസ്ക്കാരം 43

ഗീതങ്ങൾ 56

മരണവീട്ടിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ 135

# അകാരാദി


## അ, ആ, ഇ, ഉ

അഴലേറും ജിവിതമരുവിൽ 56
അസാദ്ധ്യമായെനിക്കൊന്നു 23
അല്പകാലം മാത്രം 149
അനുഗ്രഹ പെരും നദിയായ് 108
അനുഗ്രഹത്തിൻ അധിപതി 17
അരൂപിയാം ദൈവമേ 129
അത്യുന്നതൻ മറവിൽ 131
ആത്മസന്തോഷം കൊണ്ടാ 1
ആരാധനക്കു യോഗ്യനെ 2
ആരാധിച്ചീടാം കുമ്പിട്ടാരാ 90
ആനന്ദമുണ്ടെനിക്കാനന്ദ 142
ആകാശത്തിൻ കീഴിൽ 24
ആരാധിക്കുന്നേ ഞങ്ങളാ 16
ആരാധ്യനേ! സമാരാധ്യനേ! 72
ആരു സഹായിക്കും ലോകം 146
ആരാധിക്കാം നമുക്കാരാധി 81
ആശ്വാസമേ എനിക്കേറെ 135
ഇത്രത്തോളം ജയം തന്ന 3
ഇന്നോളമെന്നെ നടത്തിയ 25
ഇന്നു പകൽ മുഴുവൻ 26
ഇന്നു കണ്ട മിസ്രീമിനെ 87
ഇത്രത്തോളം എന്നെ കൊണ്ടു 78
ഇഹത്തിലെ ദുരിതങ്ങൾ 114
ഉണർവ്വിൻ വരം ലഭിപ്പാൻ 27
ഉന്നതൻ നീ അത്യുന്നതൻ 77
ഉണർത്തണമെ എന്നെ 91
ഉണ്ടെനിക്കായൊരു 148

## എ, ഒ

എനിക്കായിക്കരുതാമെന്നു 28
എന്നും നല്ലവൻ യേശു 29
എന്നുള്ളിലെന്നും വസിച്ചീ 30
എന്നോടുള്ള നിൻ സർവ്വ 31
എണ്ണി എണ്ണി സ്തുതിക്കു 60
എൻ പ്രിയ രക്ഷകൻ നീതി 115
എൻ പ്രിയനെപ്പോൽ സുന്ദര 32
എൻ സങ്കടങ്ങൾ സകലവും 33
എന്റെ ദൈവം മഹത്വത്തിൽ 34
എന്റെ സമ്പത്തെന്നു 35
എന്റെ യേശു എനിക്കു നല്ല 52
എന്നുള്ളമേ സ്തുതിക്ക 4
എൻ പ്രിയനെപ്പോൽ സുന്ദ 5
എന്തതിശയമേ ദൈവത്തിൻ 18
എല്ലാം എല്ലാം ദാനമല്ലേ 67
എനിക്കായ് കരുതുന്നവൻ 70
എല്ലാപ്രതികൂലങ്ങളും മാറും 84
എൻ പ്രേമഗീതമാം 85
എന്റെ യേശു എനിക്കു നല്ല 52
എന്നേശുനാഥന്റെ പാദ 124
എണ്ണമറ്റ വൻകൃപകൾ 127
ഒന്നുമില്ലായ്കയിൽ നിന്നെ 10
ഒരിക്കലേവനും മരിക്കും 155

## ക, ഗ, ജ, ഞ,

കണ്ണുനീർ എന്നു 8
കഷ്ടങ്ങൾ സാരമില്ല 9
ക്രൂശിൽ കണ്ടു ഞാൻ നിൻ 19
കണ്ണുനീർ താഴ്‌വരയിൽ 36
ക്രിസ്തീയ ജീവിതം 37
കരുതുന്നവൻ ഞാനല്ലയോ 57
കർത്താവിൻ സ്നേഹ 58
കുഞ്ഞാട്ടിൻ തിരു രക്ത 65
കരുതുന്നവൻ എന്നും കൂടെ 80
കാണുന്നു ഞാൻ വിശ്വാസ 86
കണ്ണീരോടെ പ്രാർത്ഥിച്ചാൽ 88
കാന്തനെ കാണുവാനാർത്തി 98
കർത്താവിൻ വരവിൽ 117
കാണുന്നു ഞാൻ യാഹിൽ 118
കരുണ നിറഞ്ഞവനേ പുനരു 145
കർത്ത്യകാഹളം യുഗാന്ത്യ 152
കർത്താവു താൻ ഗംഭീര 134
കാണാമെനിക്കെന്റെ 153
കൈകൊട്ടിപ്പാടാം നമുക്കിന്ന് 128
ഗീതം ഗീതം ജയ ജയ ഗീതം 116
ജീവന്റെ ഉറവിടം 38
ജയഘോഷം പാടീടുമേ 73
ജീവജലത്തിന്നരുവിയാൽ 74
ഞാൻ ജീവിക്കുന്നു എന്നാൽ 92
ഞാനെന്നും സ്തുതിക്കും 99

## ത,ദ,ന

തിരുക്കരത്താൽ വഹിച്ചു 39
തുണയെനിക്കേശുവാം 40
തന്നാലുംനാഥാ ആത്മാവിലെ 93

# അകാരാദി


തേജസ്സിൽ യേശുവിൻ 100
ദയലഭിച്ചോർ നാം സ്തുതി 101
ദുഃഖത്തിന്റെ പാനപാത്രം 139
ദൈവകൃപയിൽ ഞാനാ 41
ദൈവപിതാവേ! അങ്ങയെ 22
നിന്നോടെൻ ദൈവമെ ഞാൻ 95
നിത്യസ്നേഹത്താൽ എന്നെ 94
നന്ദിയോടെ ഞാൻ സ്തുതി 42
നിന്റെ ഹിതം പോലെ 43
നിൻദാനം ഞാൻ അനുഭവിച്ചു 44
നഷ്ടങ്ങളിലും പതറിടല്ലേ 79
നീങ്ങിപ്പോയെന്റെ ഭാരങ്ങൾ 82
നല്ലപോരാട്ടം പോരാടി 102
നവയറുശലേം പാർപ്പിടം 147


## പ, ഭ, ബ, മ,യ


പരിശുദ്ധൻ മഹോന്നത 6
പരിശുദ്ധാത്മാവേ ശക്തി 45
പാടി പുകഴ്ത്തിടാം ദേവ 103
പാതാളമേ മരണമേ 119
പ്രാർത്ഥന കേൾക്കണമേ 11
പ്രതിഫലം തന്നീടുവാൻ 46
പ്രാർത്ഥനയ്ക്കുത്തരം 47
പ്രാർത്ഥനയാൽ സാധിക്കാ 61
പുതുക്കമുള്ള ഹൃദയമേകി 62
പേടിക്കില്ല ഞാൻ പതറു 126
പെന്തക്കോസ്തു നാളിൽ 76
ബലഹീനതയിൽ ബലമേകി 71
ഭയം ലേശം വേണ്ടിനിയും 120
ഭാഗ്യനാട്ടിൽ പോകും ഞാൻ 136
ഭൂവാസികളെ യാഹോവ 48
മനമേ! പക്ഷിഗണങ്ങളു 49
മനസൊരുക്കുക നാം 104
മറവിടമായെനിക്കേശുവുണ്ട് 107
മൺമയമാമീയുലകിൽ 140
മാറിടാത്ത യേശുനാഥൻ 125
മാറാത്തവൻ വാക്കു 132
യാക്കോബിൻ ദൈവം എന്നും 112
യേറുശലേമെൻ ഇമ്പവീടെ 141
യേശു മണവാളൻ നമ്മെ 51
യേശുവോടു ചേർന്നിരിപ്പതെ 66
യേശുവേ എൻ നാഥനേ 83
യേശു നല്ലവൻ അവൻ വല്ല 89
യേശുവിന്റെ രക്തത്താൽ 105
യേശുവിൻ സ്നേഹത്താലെ 121
യേശുവോടു ചേർന്നിരിപ്പ 15
യേശുവേ എൻ പ്രാണ 7
യേശുവേ നിൻ പാദം 53


## ര, ല, വ,ശ


രാജാധിരാജൻ മഹിമ 20
ലോകെ ഞാനെൻ ഓട്ടം 138
ലോകമാം ഗംഭീര 143
ലോകത്തിലേകയാശ്രയം 151
വന്ദനം യേശുപരാ 14
വന്നീടേണം യേശുനാഥാ! 113
വാഴും ഞാനെൻ രക്ഷിതാ 54
വിശുദ്ധിയെ തികച്ചും നാം 55
വീണ്ടെടുക്കപ്പെട്ട കൂട്ടമേ 106
വാഴ്ത്തുക നീ മനമേ 59
വാഴ്ത്തീടുന്നു വാഴ്ത്തീടുന്നു 21
വിശുദ്ധിയിൽ ദൈവത്തെ 130
ലോകം നിന്നെ പാരം പാരം 75
ലക്ഷ്യമതാണേ എൻ ആശയ 122
ശാലേം രാജൻ വരുന്നൊരു 96
ശ്രീയേശുനാമം 12
ശുദ്ധർ സ്തുതിക്കും വീടേ 150
ശോഭയേറും ഒരു നാടുണ്ടത് 154


## സ, ഹ


സമയമാം രഥത്തിൽ ഞാൻ 144
സ്തുതി സ്തുതി എൻ 13
സ്തുതിപ്പിൻ! സ്തുതിപ്പിൻ! 133
സീയോൻ സഞ്ചാരി ഞാൻ 50
സീയോൻ മണാളനേ! 109
സീയോൻ സൈന്യമേ 123
സ്വന്തജീവൻ കൊടുത്തെന്നെ 63
സ്വർഗ്ഗനാട്ടിലെൻ പ്രിയൻ 64
സ്വർഗ്ഗീയപിതാവേ നിൻ 68
സർവ്വവും യേശുനാഥനായ് 69
സേനയിന്നധിപൻ 110
സ്തോത്രഗീതം പാടുക 111
സ്വർഗ്ഗഭാഗ്യം എത്രയോഗ്യം 137
ഹാ മനോഹരം യാഹെ 97

# സന്ധ്യാ നമസ്കാരം

(ഒൻപതാംമണി നമസ്ക്കാരം ഉൾപ്പെടെ)

**പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.**
ആദിമുതൽ എന്നുമെന്നേക്കും തന്നെ, ആമ്മീൻ

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന/ ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ/ഉയരങ്ങളിൽ സ്തുതി.

(ദൈവപുത്ര സ്തുതിയും വണക്കവും)

കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ / വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

**കൗമാ**

(ദൈവപുത്ര സ്തുതിയും കുമ്പിട്ടാരാധനയും)

ദൈവമേ, നീ പരിശുദ്ധനാകുന്നു.
ബലവാനേ, നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി ✞ ക്രൂശിക്കപ്പെട്ടവനേ,
ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമേ.

(ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലി കുരിശുവരച്ച് കുമ്പിടണം)

(ദൈവപുത്രനോടുള്ള അപേക്ഷ)

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട്/ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

(ദൈവപുത്ര സ്തുതിയും വണക്കവും)

ദൈവമേ, നിനക്ക് സ്തുതി !
സ്രഷ്ടാവേ, നിനക്ക് സ്തുതി !
പാപികളായ തന്റെ അടിയാരോട് കരുണ ചെയ്യുന്ന മിശിഹാ രാജാവേ, നിനക്ക് സ്തുതി! ബാറെക്മോർ.

## കർതൃപ്രാർത്ഥന*

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ.

നിന്റെ രാജ്യം വരണമേ.
നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ.
ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണമേ.
ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ/
ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ.
പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ.
പിന്നയോ ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.
എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും/
എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

---

***മത്തായി 6:9-13; കൈകൾ മലർത്തിപിടിച്ച് ദൃഷ്ടികൾ സ്വർഗത്തിലേക്ക് ഉയർത്തി പ്രാർത്ഥിക്കുക.**

**(ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന)***

കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം!

നമ്മുടെ കർത്താവ് നിന്നോടുകൂടെ./നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു./നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു./ വിശുദ്ധ കന്യക മർത്തമറിയമേ,/തമ്പുരാന്റെ അമ്മേ,/പാപികളായ ഞങ്ങൾക്കുവേണ്ടി/ ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തും/തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ.

ആമ്മീൻ

**(വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള അപേക്ഷ)**

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ,

ഉയർപ്പു ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമേ.

കർത്താവേ, നിന്നിലുള്ള ആശ്രയത്തോടുകൂടെ നിദ്രപ്രാപിച്ച്/നിന്റെ വരവിനായി നോക്കിപ്പാർത്തിരിക്കുന്ന/ഞങ്ങളുടെ വാങ്ങിപ്പോയവരെ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ.

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ/അവരെ വസിപ്പിക്കണമേ.

വന്നവനും വരുവാനിരിക്കുന്നവനും/മരിച്ചവരെ അനുകൂലമാക്കുന്നവനും ആയവൻ/വാഴ്ത്തപ്പെട്ടവനാകുന്നു എന്ന്/ ശരീരങ്ങളും ആത്മാക്കളും ഒന്നുപോലെ അട്ടഹസിച്ചു പറയുമാറാകണമേ. ആമ്മീൻ.

---

* ലൂക്കോ 1: 28, 42

**2 കൗമ്മാ**

**(അനുതാപ പ്രാർത്ഥന)**

മോറാനേശുമിശിഹാ!

നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട്/നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു/ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി കൊണ്ടുവന്നു.

ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

**2 കൗമ്മാ**

**(91-ാം സങ്കീർത്തനം)**

*അത്യുന്നതന്റെ മറവിൽ വസിക്കുകയും ദൈവത്തിന്റെ നിഴലിൽ മഹിമപ്പെടുകയും ചെയ്യുന്നവൻ

യഹോവയെക്കുറിച്ച് അവൻ എന്റെ ശരണവും/എന്റെ സങ്കേതസ്ഥലവും/ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും.

അവൻ നിന്നെ വിരുദ്ധത്തിന്റെ കെണിയിൽനിന്നും/ വ്യർത്ഥ സംസാരത്തിൽനിന്നും വിടുവിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ മറയ്ക്കും/ അവന്റെ ചിറകുകളുടെ കീഴിൽ നീ ശരണം പ്രാപിക്കും./ അവന്റെ വിശ്വസ്തത നിന്റെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും/പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടേണ്ട.

---

* വാക്യം പ്രതിവാക്യമായി ചൊല്ലുക

നിന്റെ ഒരു ഭാഗത്തുനിന്ന് ആയിരങ്ങളും,/നിന്റെ വലത്തു ഭാഗത്തുനിന്നു പതിനായിരങ്ങളും വീഴും. എങ്കിലും നിനക്ക് ഒരനർത്ഥവും സംഭവിക്കുകയില്ല. എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ടുതന്നെ/ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ/എന്റെ ശരണമായ കർത്താവു നീയാകുന്നു. ദോഷം നിന്നോട് അടുക്കുകയില്ല. ശിക്ഷ നിന്റെ കൂടാരത്തിനു സമീപിക്കുകയുമില്ല.

നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്/അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പിക്കും. നിന്റെ കാൽ കല്ലിൽ തട്ടാതിരിപ്പിനായിട്ട്/അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സിംഹത്തെയും അണലിയേയും നീ ചവിട്ടും/ ബാലസിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട്/ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും. ഞാൻ അവനെ ബലപ്പെടുത്തു കയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനു തൃപ്തി വരുത്തും. എന്റെ രക്ഷ ഞാൻ അവനെ കാണിക്കയും ചെയ്യും.

## 120-ാം സങ്കീർത്തനം

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെനിന്നുവരും? എന്റെ സഹായം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച/യഹോവയിങ്കൽ നിന്നു വരുന്നു.

---

ഈ പുസ്തകത്തിൽ സങ്കീർത്തനാദ്ധ്യായങ്ങൾ **വിശുദ്ധ ഗ്രന്ഥത്തിൽ** കാണുന്ന ക്രമപ്രകാരമാണ് ചേർത്തിരിക്കുന്നത്.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല. എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ/ഉറക്കം തൂങ്ങുന്നുമില്ല ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് തന്റെ വലതുകൈയ്കൊണ്ടു നിനക്കു നിഴലിടും. പകൽ സൂര്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കയില്ല.

കർത്താവു സകലദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. അവൻ നിന്റെ പ്രാണനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും ആഗമനത്തേയും/ ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

## അപേക്ഷ

മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ!

നിന്റെ അനുഗ്രഹത്തിന്റെ ചിറകിൻ കീഴിൽ/ ഞങ്ങളെ മറച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. സകലതും കേൾക്കുന്നവനേ, നിന്റെ അനുഗ്രഹത്താൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമേ. സ്തുതിക്കപ്പെട്ട രാജാവു നീയാകുന്നു എന്ന/ ഞങ്ങളുടെ രക്ഷകനായ യേശുമിശിഹാ/നിരപ്പു നിറഞ്ഞിരി ക്കുന്ന സന്ധ്യയും/ പുണ്യമുള്ള രാവും ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കികൊ ണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി/ഈ ലോകത്തിലും ആ ലോകത്തിലും ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ. കർത്താവേ നിന്റെ കരുണ ഞങ്ങളെ മറച്ച്/

നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നില്ക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും/അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങളുടെ ആയുസ്സിന്റെ ദിവസങ്ങളൊക്കെയും/നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കേണമേ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്ക്/ശരണവും രക്ഷയും നീ ആയിരിക്കണമേ. നിന്നെ പ്രസവിച്ച അമ്മയുടെയും/നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ/ ദൈവമേ ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി/ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

## ക്രോബേന്മാരുടെ സ്തുതിപ്പ്*

(സ്വർഗ്ഗീയ ദൂതന്മാരോടുകൂടെ നമുക്ക് അട്ടഹസിച്ചു പറയാം:)

എന്നേയ്ക്കും തന്റെ സ്ഥാനത്തു നിന്നും
കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. ✞
എന്നേയ്ക്കും തന്റെ സ്ഥാനത്തു നിന്നും
കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. ✞
എന്നന്നേയ്ക്കും തന്റെ സ്ഥാനത്തു നിന്നും
കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. ✞

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ-
ഞങ്ങളോടു കരുണ ചെയ്യണമേ.
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ-
ഞങ്ങളോടു കരുണ ചെയ്യണമേ.
വിശുദ്ധിയും മഹത്വമുള്ള ത്രിത്വമേ-
കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

---

* യഹസ്കിയേൽ 3:12; + കുരിശുവരച്ച് കുമ്പിടുക

നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു.
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു.
നീ എന്നന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി.
എന്നേയ്ക്കും ഞങ്ങൾക്കുള്ള ശരണവുമേ
നിനക്കുസ്തുതി. ബാറക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.................
കൃപനിറഞ്ഞ മറിയമേ.................

## നിഖ്യാ വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി/ആകാശത്തിന്റെയും ഭൂമിയുടെയും/കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ/സകലത്തിന്റെയും സൃഷ്ടാവായ/സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും/സർവ്വലോകങ്ങൾക്കുംമുമ്പ്, പിതാവിൽ നിന്നും ജനിച്ചവനും/പ്രകാശത്തിൽ നിന്നുള്ള പ്രകാശവും/സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും/ ജനിച്ചവനും,സൃഷ്ടി അല്ലാത്തവനും,/സാരംശത്തിൽ പിതാവിനോടു സമത്വമുള്ളവനും/തന്നാൽ സകലവും നിർമ്മിക്ക

പ്പെട്ടവനും,/ മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി/തിരുവിഷ്ട പ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി ✝ വിശുദ്ധ റൂഹായാൽ/ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമ്മിൽ നിന്നും/ ശരീരിയായി തീർന്നു മനുഷ്യനായി/ പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ/ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടു ✝ കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് /മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി ✝ തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും/ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ,/തന്റെ വലിയ മഹത്വത്തോട് ഇനിയും വരുവാനിരിക്കുന്നവനും/തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ/യേശുമിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും/പിതാവിൽനിന്നു പുറപ്പെട്ട്/പിതാവിനോടും പുത്രനോടും കൂടെ/ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും/ നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി/ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും/കതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും/ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ/ഒരിക്കൽ മാത്രമേ ഉള്ളൂ എന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ്/മരിച്ചുപോയവരുടെ ഉയിർപ്പിനും/വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.

ആമ്മീൻ, ബാറക്മോർ

സ്തൗമൻ കാലോസ് കറിയേലായിസോൻ

---

✝ കുരിശുവരച്ച് കുമ്പിടുക

## അപേക്ഷ

നായകൻ:- സത്യവാനായ ദൈവം തമ്പുരാനേ,

ആരാധകർ:- ഞങ്ങളെ നീ രക്ഷിച്ചു കൊള്ളമമേ.

തിന്മകൾ ഒക്കെയിൽ നിന്നും ദോഷങ്ങൾ ഒക്കെയിൽനിന്നും.

ഞങ്ങളെ നീ ................

തിന്മപെട്ടമനസ്സൊക്കെയിൽ നിന്നും വേശ്യാദോഷ ചിന്തയിൽ നിന്നും.

ഞങ്ങളെ നീ ................

എല്ലാ ശത്രുക്കളിൽ നിന്നും വഞ്ചനയുള്ള സ്നേഹിതന്മാരിൽ നിന്നും

ഞങ്ങളെ നീ ................

പിശാചുക്കളുടെ പരീക്ഷകളിൽ നിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നും

ഞങ്ങളെ നീ ................

അശുദ്ധ വികാരങ്ങളിൽ നിന്നും മ്ലേച്ഛമോഹങ്ങളിൽ നിന്നും

ഞങ്ങളെ നീ ................

സാത്താനടുത്ത വിചാരങ്ങളിൽ നിന്നും തിന്മപെട്ട സ്വപ്നങ്ങളിൽ നിന്നും

ഞങ്ങളെ നീ ................

ഒളിക്കപ്പെട്ട കെണികളിൽ നിന്നും വ്യർത്ഥ സംസാരത്തിൽ നിന്നും

ഞങ്ങളെ നീ ................

വൻ ചതിവുകളിൽ നിന്നും ദുഷ്ടസംസർഗ്ഗത്തിൽ നിന്നും

ഞങ്ങളെ നീ ................

ഇഹലോകത്തിനടുത്ത സകല പരീക്ഷകളിൽ നിന്നും

ഞങ്ങളെ നീ .................

കോപത്തിന്റെ വടിയിൽ നിന്നും പെട്ടന്നുള്ള മരണത്തിൽ നിന്നും

ഞങ്ങളെ നീ .................

കോപത്തിൽ നിന്നും ദ്വേഷതയിൽ നിന്നും

ഞങ്ങളെ നീ .................

മിന്നലുകളിൽ നിന്നും ഇടികളിൽ നിന്നും

ഞങ്ങളെ നീ .................

വസന്തകളിൽ നിന്നും തീ നരകത്തിൽ നിന്നും

ഞങ്ങളെ നീ .................

കാഠിന്യമുള്ള ദുഷ്ക്കർമ്മങ്ങളിൽ നിന്നും

ഞങ്ങളെ നീ .................

കെടാത്തതീയിൽ നിന്നും ചാകാത്തപുഴുവിൽ നിന്നും

ഞങ്ങളെ നീ .................

പല്ലുകടിയിൽ നിന്നും കരച്ചിലിൽ നിന്നും

ഞങ്ങളെ നീ .................

കഠിനതരമായ സംഭവത്തിൽ നിന്നും തിന്മപെട്ട

നാഴികയിൽ നിന്നും

ഞങ്ങളെ നീ .................

ഉപദ്രവകരമായ അധികാരത്തിൽ നിന്നും

ഞങ്ങളെ നീ .................

ക്ഷാമത്തിൽ നിന്നും ഭയത്തിൽ നിന്നും ഇളക്കത്തീൽ നിന്നും

ഞങ്ങളെ നീ .................

സഹിപ്പാൻ കഴിയാത്ത ശിക്ഷകളൊക്കെയിൽ നിന്നും

ഞങ്ങളെ നീ .................

പോകുവിൻ 'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്നുള്ള തിരുവചനത്തിൽ നിന്നും

ഞങ്ങളെ നീ .................

നിന്നിൽ നിന്നും ഞങ്ങളെ അകറ്റുന്നതായ സകല ത്തിൽ നിന്നും

ഞങ്ങളുടെ കർത്താവേ, ഞങ്ങളെ നീ-രക്ഷിച്ചു കൊള്ളേണമേ. ആമ്മീൻ.

## സൂത്താറാ നമസ്കാരം

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ/ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങളെ നീ വിരോധിക്കരുതേ. ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിന്/നിന്നെ ഞങ്ങൾ വിളിക്കു ന്നു. നല്ലവനേ ഞങ്ങളുടെ അപേക്ഷയുടെ സ്വരംകേട്ടു/നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കുമാറാക ണമേ.

## മോർ അപ്രേമിന്റെ *മെമ്മറാ

1. ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹനിദ്രയൊഴിഞ്ഞിട്ട്
ഉണർവോടെ നിൻ തിരുമുമ്പിൽ
നിൽപ്പാനെനിക്കു നീ കൃപ നൽക.

*മെമ്മറാ - പ്രാർത്ഥന

2. വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെ ഉറക്കം
കർത്താവേ! നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ.
3. എന്നുണർച്ചയിൽ ഞാൻ ചതിപ്പെടുകിൽ
നിൻനന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ.
4. തവക്ഷീണത്തിൻ സ്കീപ്പായാൽ
നല്ല ഉറക്കമെനിക്കു നീ താ
ആകാ സ്വപ്ന മശുദ്ധിയിൽ നി-
ന്നെന്നെനീ രക്ഷിച്ചു കൊള്ളണമേ.
5. നിരപ്പു നിറഞ്ഞ ഉറക്കത്തിൽ
രാവൊക്കെ എന്നെ നീ ഭരിക്ക
*തണ്യവരും *വേണ്ടാ നിനവും
എന്നിൽ *മുഷ്ക്കരമാക്കല്ലേ.
6. നിന്റെ അടിയാൻ ഞാനതിനാ-
ലെന്റെ സന്ധികൾകാപ്പാനായ്
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ!
7. ദുർമ്മോഹങ്ങളിൽ വീഴാതെ
എന്നെ നീ രക്ഷിച്ചു കൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലേ

* തണ്യവർ - ഹീനമനുഷ്യർ
*വേണ്ടാനിനവ് - ദുർവിചാരം
*മുഷ്ക്കരം - ശക്തിയുള്ള

8. ഞാൻ ചരിഞ്ഞനുകൂലത്താലു റങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
*നിൻ മനച്ചിലിനുടെ സുതകർമ്മം
നിൻ കൃപയോടെ നല്കണമേ.

9. നിൻ കൈയ്മനഞ്ഞ ശരീരത്തിൽ
നിന്റെ വലം കൈയ് മേവണമേ.
നിന്റെ കരുണകൾ കോട്ടയതായ്-
എന്നെ ചുറ്റിക്കൊള്ളണമേ.

10. ശരീരമടങ്ങി യുറങ്ങുമ്പോൾ
കാവലതായതു നിൻ ശക്തി
സൗരഭ്യമായ ധൂപം പോൽ
എന്റെ ഉറക്കം തിരുമുമ്പിൽ

11. നിന്നെ പെറ്റോരമ്മയുടെ
നിന്നോടുള്ള അപേക്ഷയാലേ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപെട്ടവനണയരുതേ.

12. എനിക്കുവേണ്ടീട്ടുണ്ടായെന്നാ-
നിൻതിരുബലിയാൽ കർത്താവേ
എന്നെ വ്യസനത്തിലാക്കായ്വാൻ
സാത്താനെ നീ വിലക്കണമേ!

13. കർത്താവേ നിൻ വാഗ്ദത്തം
എങ്കൽ നിറവേറ്റീടണമേ
നിനക്കുള്ള സ്ലീബായാലേ
എന്റെ ആയുസ്സുകാക്കണമേ!

---

*നിൻ മനച്ചിലിനുടെ സുതകർമ്മം - നിന്റെ സ്വരൂപത്തിൽ സൃഷ്ടി
ക്കപ്പെട്ടവരോടുള്ള നിന്റെ കരുതൽ

14. ഞാനുണരുന്നേരം നാഥാ
നിന്നെ ഞാൻ സ്തുതി ചെയ്തിടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിൻതിരു സ്നേഹം കാട്ടണമേ!

15. നിൻ തിരു മനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായി
നിൻതിരുമന:ഗുണമതിനാലേ
എനിക്കു നീ മന:ഗുണം ചെയ്യണമേ.

16. നിരപ്പുനിറഞ്ഞോരന്തിയും
പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകനാം മ്ശിഹാ-
അടിയാർക്കായ് നീ നൽകണമേ.

17. വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു.

18. നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങടെ മേലു മതാകണമേ
ഇഹലോകത്തിലു മതുപോലെ
പരലോകത്തിലുമാകണമേ.

19. എന്റെ കർത്താവേ നിനക്കു സ്തുതി
നിനക്കുസ്തുതി, സ്തുതി നിനക്കുസ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുകൂടാതെ നിനക്കു സ്തുതി.

20. നമസ്കാരം കേൾക്കുന്നവനേ!
യാചനകൾ നല്കുന്നവനേ!
ഞങ്ങളുടെ നമസ്കാരം കേട്ട്
യാചനകൾ നല്കീടണമേ.

**അപേക്ഷ**

പരിശുദ്ധനായ *ബാവാ തമ്പുരാനേ നിന്റെ പരിശുദ്ധ തിരു നാമത്താൽ ഞങ്ങളെ നീ കാത്തുകൊള്ളണമേ.

രക്ഷകനായ പുത്രാ ജയമുള്ള നിന്റെ സ്ലീബായാൽ/ ഞങ്ങളെ നീ മറച്ചുകൊള്ളണമേ.

പരിശുദ്ധറൂഹാ നിന്റെ വാസത്തിനുള്ള ഭവനങ്ങളാക്കി ഞങ്ങളെ തീർക്കണമേ.

ഞങ്ങളുടെ ദൈവമായ കർത്താവേ/നേരമൊക്കെയിലും എല്ലാ സമയത്തിലും/നിന്റെ ദൈവത്വത്തിന്റെ ചിറകിൻ കീഴിൽ എന്നേക്കും ഞങ്ങളെമറച്ചു കൊള്ളണമേ.
ആമ്മീൻ

(സന്ധ്യയുടെ നമസ്ക്കാരം സമാപിച്ചു)

*ബാവാ = പിതാവ്

# പ്രഭാത നമസ്ക്കാരം

**കൗമ്മാ**

## അപേക്ഷ

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ, നിന്റെ ഉണർച്ചയെ കൊണ്ടാടുവാനായിട്ട്/പാപത്തിന്റെ മുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ മനോഗുണത്തെ ഞങ്ങൾ വന്ദിപ്പാനായിട്ട് /മരണത്തിന്റെയും ക്ഷയത്തിന്റെയും ഉറക്കത്തിൽനിന്നു/ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമെ!/ആകാശത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും/വാഴ്ത്തപ്പെട്ടവനും നീ തന്നെ ആകുന്നു എന്നതുകൊണ്ട്/വിശുദ്ധിയോടെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുന്ന/മാലാഖാമാരുടെ കൂട്ടങ്ങളോടുകൂടെ/നിന്നെ സ്തുതിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.      ആമ്മീൻ.

*എന്നേയ്ക്കും തന്റെ സ്ഥാനത്തു നിന്നും....... പേജ് 11*

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......*

*കൃപനിറഞ്ഞ മറിയമേ..........*

## അപേക്ഷ

കർത്താവേ, നിന്നെ പ്രീതിപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ/ഞങ്ങളോടു കരുണചെയ്യണമെ! റൂഹായാൽ നിന്നെക്കുറിച്ചു സംസാരിച്ച ദീർഘദർശിമാരും/നിന്റെ പ്രത്യക്ഷതയെ അറിയിച്ച ശ്ളീഹന്മാരും/നിന്നോടുള്ള സ്നേഹം നിമിത്തം മരണത്തെ സ്വീകരിച്ച സഹദേന്മാരും/ഞങ്ങൾക്കു വേണ്ടി നിന്നോട് അപേക്ഷിക്കും. ഞങ്ങളോടു കരുണചെയ്യേണമെ. പരിശുദ്ധന്മാരേ! ശിക്ഷകളെയും ക്രോധത്തിന്റെ

വടികളെയും/ഞങ്ങളിൽനിന്ന് നീക്കികളവാനായിട്ട്/നിങ്ങൾ നിങ്ങളുടെ പ്രവർത്തികളാൽ പ്രസാദിപ്പിച്ചിട്ടുള്ള കർത്താവിനോട്/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. കർത്താവേ! നിന്നെ പ്രീതിപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ/ ഞങ്ങളോടു കരുണ ചെയ്യണമെ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും/ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യണമെ.

**ക്രോബേന്മാരുടെ സ്തുതി**

*എന്നേയ്ക്കും തന്റെ സ്ഥാനത്തു നിന്നും......പേജ് 11*

*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................*

*കൃപനിറഞ്ഞ മറിയമേ.......................*

## അപേക്ഷ

പാപികളോട് കരുണചെയ്യുന്നവനായ കർത്താവേ,

ന്യായവിധി ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമെ. കരുണയുള്ളവനേ/ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ വാതിലിൽ മുട്ടുന്നു. നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകണമെ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കൃപചെയ്യണമെ/ മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവും, ആയവനേ/ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ.

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ,
ദൈവമേ, നിനക്കു സ്തുതി ✞
ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ,
ദൈവമേ, നിനക്കു സ്തുതി ✞
ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ,
ദൈവമേ, നിനക്കു സ്തുതി ✞

കരുണയുള്ള ദൈവമേ/നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ–

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ/ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ/ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ/ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ. ആമ്മീൻ

✞ ത്രിത്വത്തിനു സ്തുതി, ✞ ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയും അന്തവുമില്ലാത്തതുമായ ✞ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ, എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.
ആമ്മീൻ

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ/ ബലഹീനന്മാരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

കാലമൊക്കെയിലും നേരമൊക്കെയിലും/ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും/ഭൂമിയിൽ സമാധാനവും നിരപ്പും/ മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗാധിപതിയും/ സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ! നിന്നെയും, യേശുമിശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ

---

\+ കുരിശു വരച്ച് ശിരസ്സു നമിക്കുക

കർത്താവേ!/വിശുദ്ധറൂഹായോടുകൂടെനിന്നെയും/നിന്റെ സ്തുതിയുടെവലിപ്പംനിമിത്തംഞങ്ങൾസ്തോത്രംചെയ്യുന്നു.

പിതാവിന്റെ പുത്രനും, വചനവും/ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായുള്ളോവേ!/ഞങ്ങളോടു കരുണയുണ്ടാകണമെ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായുള്ളോവേ!/നിന്റെ ചെവി ചായിച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

തന്റെ പിതാവിന്റെ വലത്തുഭാഗത്ത് മഹത്വത്തോടു കൂടിയിരിക്കുന്നവനായുള്ളോവേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. വിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം/പിതാവായ ദൈവത്തിന്റെ മഹത്വത്തിനു കർത്താവാകുന്നു. ആമ്മീൻ.

കാലമൊക്കെയിലും നേരമൊക്കെയിലും/ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും/നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും, നിത്യത്വമുള്ളതുമായ/നിന്റെ പരിശുദ്ധനാമത്തെ സ്തുതിക്കയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ!/നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം മഹത്വമുള്ളതും നീ/എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി നിനക്ക് യോഗ്യമാകുന്നു. മഹത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനേ!/നിനക്കും നിന്റെ ഏക പുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും/പുകഴ്ച ചേർച്ചയാകുന്നു. അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ആമ്മീൻ

മോറാനേശുമിശിഹാ!

നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി കൊണ്ടുവന്നു.

ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. ആമ്മീൻ

**2 കൗമ്മാ**

## 51-ാം മസുമൂറാ

ദൈവമേ! നിന്റെ കൃപയിൻപ്രകാരം/എന്നോട് കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം/ എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി/ എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും/നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും. നിന്റെ ന്യായവിധികൾ നീതിയോടുകൂടിയവ ആകുന്നുവല്ലോ. അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

---

മസുമൂറാ = സങ്കീർത്തനം

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാന ത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. സോപ്പാകൊണ്ട് എന്റെമേൽ നീ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതി നാൽ എന്നെ നീ വെണ്മയാക്കണമെ/ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തി യാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോ ഷിക്കും. എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖം തിരിച്ച്/ എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്ക ണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളി ക്കളയരുതെ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടു ക്കുകയുമരുതേ.

എന്നാലോ, നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാ റാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! /രക്ത പാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്ക് തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ, ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബ ലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മ യുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിര സിക്കുന്നില്ല.

നിന്റെ തിരുവിഷ്ടത്താൽ സെഹിയൊനോട് നന്മ ചെയ്യ ണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ. അപ്പോൾ

ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാഴ്ചകൾ ബലിയായി കരേറുകയും ചെയ്യും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

## അപേക്ഷ

കർത്താവേ! നിനക്ക് സ്തോത്രം ചെയ്യുന്നതും/ഉന്നതമായ നിന്റെ നാമത്തിനു പാടുന്നതും/പ്രഭാതകാലത്ത് നിന്റെ കൃപയേയും/രാത്രികാലങ്ങളിൽ നിന്റെ വിശ്വാസത്തെയും അറിയിക്കുന്നതും/എത്ര നല്ലതാകുന്നു. കർത്താവേ, പ്രഭാത സമയത്ത് എന്റെ ശബ്ദം നീ കേൾക്കണമെ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറകണമെ.

കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമെ. കർത്താവേ! ഞങ്ങളെല്ലാവരുടെയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമെ. പരിശുദ്ധനായുള്ളവനേ! നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച്/നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സുഖപ്പെടുത്തണമെ.

## കൗമ്മാ

## അനുതാപത്തിന്റെ അപേക്ഷ

ദൈവമേ! നീ *എനിക്കു ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ ഒക്കെക്കും വേണ്ടി/നിന്നെ ഞാൻ സ്തുതിക്കുന്നു. ഞാൻ യോഗ്യനല്ല എങ്കിലും/നിന്നിലുള്ള ഭയവും സ്നേഹവും എനിക്കു നീ തരുവാൻ/നിന്നോട്ഞാൻ അപേക്ഷിക്കുന്നു. എന്റെ ജീവനെ തുണയ്ക്കുന്നതും/നിന്റെ ദൈവത്വത്തെ ഇഷ്ടപ്പെടുന്നതുമായ സകലത്തെയും/എനിക്കു തീ തരണമെ. നിന്റെ നല്ല തിരുമനസ്സുപോലെ എന്നെ നീ ഭരിച്ചുകൊള്ളണമെ. എല്ലാ നേരവും എന്നിൽ അതുപൂർണ്ണമാക്ക

---

* കൂട്ടമായി നമസ്ക്കരിക്കുമ്പോൾ ഏകവചനം ബഹുവചനമായി ഉപയോഗിക്കേണ്ടതാണ്.

പ്പെടണമെ. ഞങ്ങളുടെ കർത്താവേശുമിശിഹാ അവിടത്തെ തിരുമുമ്പിൽ/എല്ലാ മനുഷ്യരെക്കാളും ഏറ്റം പാപം ചെയ്ത മഹാപാപി ഞാനാകുന്നു/എന്നുഞാൻ ഏറ്റു പറയുന്നു. എന്റെ പാപങ്ങൾക്ക് മോചനം നിന്നിൽ നിന്ന് ഞാൻ അപേക്ഷിക്കുന്നു. ദൈവമേ! നീ അനുഗ്രഹിക്കുന്നവനാകുന്നു. ഞാൻ നിന്നോട് അതിക്രമം ചെയ്തതൊക്കെയും എന്നോട് നീ ക്ഷമിക്കണമെ. എന്നോട് *അറ്റകുറ്റം കാണിച്ചിട്ടുള്ള എല്ലാവരോടും നീ ക്ഷമിച്ചുകൊള്ളണമെ. എന്തെന്നാൽ നീ അനുഗ്രഹിക്കുന്നവനും അനുഗ്രഹങ്ങളുടെ സമുദ്രവുമാകുന്നു. നിന്റെ അനുഗ്രഹങ്ങളുടെ സമുദ്രത്തിൽ/ചെളിയുടെ തുള്ളിപോലെ ഞങ്ങളുടെ പാപം/കണക്കിടപ്പെട്ടതായിരിക്കണമെ. മഹാ വലിയ സമുദ്രത്തെ കലക്കുവാൻ ചെളിയുടെ തുള്ളിയ്ക്ക് കഴിയുന്നതല്ലല്ലൊ. ആയതുകൊണ്ട് ദൈവമേ നിന്റെ കൃപ പോലെ എന്റെ മേൽ അനുഗ്രഹം ചെയ്യേണമെ. നിന്റെ അനുഗ്രഹങ്ങളുടെ ബഹത്വം പോലെ എന്റെ പാപങ്ങൾ മായിക്കണമെ. എന്റെ അശുദ്ധിയിൽ നിന്ന് എന്നെ കഴുകി/എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തുകൊണ്ടെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിഞ്ഞിരിക്കുന്നു. എന്റെ പാപങ്ങളും എപ്പോഴും എനിക്കു വിരോധമായി നേരിട്ടിരിക്കുന്നു. മോറാനേശുമിശിഹാ!/എനിക്കും എന്നോടു തുല്യന്മാരായ ദുഷ്ടന്മാർക്കും പാപികൾക്കും ഒരുക്കിയിരിക്കുന്ന/കെടാത്ത തീയോടും ചാകാത്ത പുഴുവോടും കൂടിയിരിക്കുന്ന/നരകത്തിലെ അതിവേദനകളിൽ നിന്ന് എന്നെ രക്ഷിച്ചു കൊള്ളണമെ. ഞാൻ യോഗ്യനാകുന്നില്ലായെങ്കിലും/കണ്ണുകൊണ്ടു കണ്ടിട്ടില്ലാത്തതും ചെവികൊണ്ടു കേട്ടിട്ടില്ലാത്തതും ഹൃദയം കൊണ്ട് സങ്കല്പിച്ചിട്ടില്ലാത്തതുമായി/നിന്റെ ഇഷ്ടന്മാരായ സ്നേഹിതന്മാർക്ക് പരലോക

* അറ്റകുറ്റം കാണിച്ചിട്ടുള്ള = തെറ്റു ചെയ്തിട്ടുള്ള

ത്തിൽ ഒരുക്കപ്പെട്ടിരിക്കുന്ന/പരമാനന്ദത്തിന് എന്നെ യോഗ്യ നാക്കണമെ. ആയിരം ആയിരം ആയും/പതിനായിരം പതി നായിരം ആയും ഉള്ള തെറ്റുകളെ /ക്ഷമിപ്പാൻ നിന്റെ കരു ണക്ക് എളുപ്പമാണല്ലോ. ചുങ്കക്കാരെയും വേശ്യാസ്ത്രീക ളെയും തൽക്ഷണം നീ നീതിയുള്ളവരാക്കിയല്ലോ. ആയതു കൊണ്ട് നിന്റെ കൃപയാൽ എന്റെ പാപങ്ങൾ ക്ഷമിച്ചുകൊ ള്ളണമെ. കർത്താവേ നിന്റെ പിതാവിന്റെ സ്നേഹത്താലും/ പരിശുദ്ധ റൂഹായുടെ ഇഷ്ടത്താലും /നിന്നോട് ഞാൻ അപേ ക്ഷിക്കുന്നു. നിന്റെ മാലാഖാമാരുടെയും പരിശുദ്ധന്മാരുടെയും അപേക്ഷയാൽ/എന്റെ പാപങ്ങളും കഠിനതരമായ കുറ്റങ്ങളും എന്നോട് ക്ഷമിക്കണമെ. അനുഗ്രഹിക്കുന്നവനും അനുഗ്രഹ ങ്ങളുടെ ശ്രീഭണ്ഡാരവും/ഞങ്ങളുടെ സൃഷ്ടാവും പരിപാ ലകനുമായ യേശുമിശിഹാ!/നിനക്കും ഞങ്ങളുടെ രക്ഷ യ്ക്കായി നിന്നെ അയച്ച പിതാവിനും പരിശുദ്ധ റൂഹാ യിക്കും/ സ്തുതിയും വന്ദനവും ഇപ്പോഴും എന്നുമെന്നേക്കും യോഗ്യമാക്കുന്നു. ആമ്മീൻ.

**കൗമ്മാ**

**മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാനീസോ**

നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ പിരിശുദ്ധ ന്മാരെല്ലാവരുടെയും പ്രാർത്ഥനയാൽ,

സ്വഭാവപ്രകാരം മരണമില്ലാത്തവനും/തന്റെ കൃപ യാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കും വേണ്ടി വന്ന് / വിശുദ്ധിയും മഹത്വവും വെടിപ്പുള്ള ദൈവ മാതാവായ കന്യകമറിയാമിൽ നിന്ന് /ഭേദം കൂടാതെ മനു ഷ്യനായി തീരുകയും/ഞങ്ങൾക്കു വേണ്ടി കുരിശിൽ തറയ്ക്ക പ്പെടുകയും ചെയ്തവനായ/സ്വർഗ്ഗീയ പിതാവിന്റെ ഏക പുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ!/നിന്നെ ഞാൻ പുകഴ്ത്തും.

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ മായിച്ചു കളഞ്ഞവനും/വിശുദ്ധത്രിത്വത്തിൽ ഏകനും/തന്റെ പിതാവി നോടും ജീവനുള്ള തന്റെ വിശുദ്ധറൂഹായോടും കൂടെ/ഒന്നു പോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാ തമ്പുരാനെ, ഞങ്ങളെല്ലാവരോടും കൃപ ചെയ്യണമെ.

ആമ്മീൻ

## അല്ലെങ്കിൽ

നിൻമാതാവു വിശുദ്ധന്മാ-
രെന്നിവർ തൻ പ്രാർത്ഥനയാൽ-
സ്വർഗ്ഗപിതാവിന്നേക സുതാ-
വചനമതാം രാജാധീശാ-
നിന്നെ വാഴ്ത്തും ഞാൻ.
സഹജമതായ് മൃതിരഹിതാകാരുണ്യത്താൽ-
മർത്യന്മാർതൻ- വർഗ്ഗത്തിനുമുഴുവൻ
ജീവനതും രക്ഷയുമേകാനാഗതനായ്-
വിമലതശുചി എന്നിവയുള്ള-മഹിമാവിയലും-
ദൈവജനത്രി കന്യകയാം മറിയാമീന്നും-
ഭേദമതെന്യേ, മാനവനായി-
ക്രൂശിതനായ ഞങ്ങൾക്കുടയോനാം മശിഹാ-
നിജമൃതിയാലിവർ തൻ മൃതിയെ മെതിച്ചു-
നിഹനിച്ചോനെ-അപ്പരിപാവന ത്രിത്വൈയ്കാ-
സ്വപിതാവോടൊപ്പം ജീവനെഴും-
റൂഹ്ക്കുദിശാ, സഹിതം-വന്ദിതനേ, പരികീർത്തിതനേ,
കൃപ ചെയ്യണം.

**(കൗമായും വിശ്വാസപ്രമാണവും ചൊല്ലിയശേഷം)**

കുറിയേലായിസ്സോൻ, കുറിയേലാസിസ്സോൻ, കുറിയേലായി സ്സോൻ, ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യ ണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളി ചെയ്തു ഞങ്ങളോടു കരുണചെയ്യണമേ. ഞങ്ങളുടെ കർ ത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ ശരണവുമേ എന്നേയ്ക്കും നിനക്കു സ്തുതി. ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

കൃപനിറഞ്ഞ മറിയമേ.............

## അപേക്ഷ

നല്ലവനായ പിതാവേ! ഞാൻ അയോഗ്യനാകുന്നു എ ങ്കിലും/ നിന്നിലുള്ള ഭയവും സ്നേഹവും എനിക്കു നീ തര ണമേ. ദൈവമേ! എന്റെ ജീവനെ സഹായിക്കുന്നതും/നിന്റെ മനുഷ്യത്വത്തിന് ഇഷ്ടമുള്ളതുമായ സകലത്തെയും എനിക്കു നീ തരണമേ. എന്റെ കർത്താവേ എന്നെ നീ രക്ഷിച്ചുകൊ ള്ളേണമെ. എന്റെ കർത്താവേ നീ തിരുമനസ്സാകുന്നു എങ്കിൽ/ എന്നെ വെടിപ്പാക്കുവാൻ നിനക്കു കഴിയും. ദൈവമേ മഹാപാപിയായ എന്നോടു കരുണയുണ്ടാണമേ. എന്റെ കർത്താവേ! നിന്റെ വിശുദ്ധമാലാഖമാരോടുകൂടെ/ നിന്റെ പിതാവിന്റെ വലിയ സ്തുതിയിൽ നീ വരുമ്പോൾ/മ ഹാപാപിയായ എന്നേയും നീ ഓർത്തുകൊള്ളണമേ. കർത്താവേ എന്നെ സഹായിച്ച്, എന്റെ മേൽ നിന്റെ അനുഗ്ര ഹങ്ങളെ ചൊരിയേണമേ. നിന്നിലുള്ള വിശ്വാസത്തിൽ

എന്നെ ബലപ്പെടുത്തണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങൾ നശിച്ചു പോകാതിരിപ്പാൻ/ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ. സ്വർഗ്ഗത്തോടും നിന്നോടും ഞാൻ പിഴച്ചു. നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. നിന്റെ ഭവനത്തിൽ കൂലിക്കാരനെപ്പോലെ എങ്കിലും എന്നെ കൈയ്ക്കൊള്ളണമേ. ഞാൻ പാപം ചെയ്തുപോയതു കൊണ്ട്/അടിയാനെപ്പോലെ എങ്കിലും എന്നെ നീ കൈയ്ക്കൊള്ളണമേ. ആമ്മീൻ.

(പ്രഭാത നമസ്ക്കാരം സമാപിച്ചു)

# വലിയ നോമ്പിലെ നമസ്ക്കാരം

## സന്ധ്യയുടെ നമസ്കാരം

(കൗമ്മാ)

**അപേക്ഷ**

കർത്താവേ നിന്നെ സ്നേഹിച്ചവരായ വാഴ്ത്തപ്പെട്ട സഹോദരന്മാരോടുകൂടെയും/തങ്ങളുടെ പ്രവർത്തികളാൽ നിനക്കു ഇഷ്ടന്മാരായിതീർന്ന പരിശുദ്ധന്മാരോടുകൂടെയും/ഞങ്ങളുടെ മരിച്ചവർക്കു ഓർമ്മയെ ചമച്ചു/നിന്റെ വലത്തു ഭാഗത്തു നില്പാൻ അവരെ യോഗ്യരാക്കി ആശ്വസിപ്പിക്കണമെ. കർത്താവേ, നിന്റെ പരിശുദ്ധസഭ അതിന്റെ പ്രജകൾക്കായി/ദു:ഖത്തോട നിലവിളിച്ചുകൊണ്ട് നിന്നോട് അപേക്ഷിച്ചു പറയുന്നു; കർത്താവേ മാമ്മോദീസായാൽ നിന്നെ ധരിച്ചു എന്ന ജനങ്ങൾ/നിന്നാൽ അനുകൂലപ്പെടുകയല്ലാതെ അഗ്നിനരകം നേടുമാറാകരുതേ.

**മാർ ബാലായിയുടെ അപേക്ഷ**

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ,

ഉയർപ്പു ദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമേ.

കർത്താവേ, നിന്നിലുള്ള ആശ്രയത്തോടുകൂടെ നിദ്രപ്രാപിച്ച്/നിന്റെ വരവിനായി നോക്കിപ്പാർത്തിരിക്കുന്ന/ഞങ്ങളുടെ വാങ്ങിപോയവരെ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമേ.

അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ വസിപ്പിക്കണമേ.

വന്നവനും വരുവാനിരിക്കുന്നവനും/മരിച്ചവരെ അനുകൂലമാക്കുന്നവനും ആയവൻ/വാഴ്ത്തപ്പെട്ടവനാകുന്നു എന്ന്/ശരീരങ്ങളും ആത്മാക്കളും ഒന്നുപോലെ അട്ടഹസിച്ചു പറയുമാറാകണമേ. ആമ്മീൻ.

**രണ്ടു കൗമ്മാ**

**അപേക്ഷ**

കർത്താവേ ഞങ്ങളുടെ നോമ്പും നമസ്ക്കാരവും/ നിനക്കു വെടിപ്പുള്ള ധൂപം പോലെയായി/സൗരഭ്യങ്ങളുടെ പുക പോലെ നിന്റെ സന്നിധാനത്തിങ്കൽ കൈക്കൊള്ളപ്പെടുമാറാകണമെ. പരിശുദ്ധനോമ്പു ജയത്തിന്റെ അടയാളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവും ആകുന്നു. കർത്താവേ ഞങ്ങളുടെ നമസ്ക്കാരം നിനക്കു ഇമ്പമുള്ളതാകണമെ. ഞങ്ങളുടെ അപേക്ഷ നിന്റെ തിരുമുമ്പാകെ പ്രവേശിക്കുമാറാകണമെ. ആനന്ദ പരിമളം പോലെ നിന്റെ ശ്രേഷ്ടതയുടെ മുമ്പാകെ/അതു കൈക്കൊള്ളപ്പെടുമാറാകണമെ. കർത്താവേ നിന്നെ ഞങ്ങൾ വിളിക്കുന്നതു കൊണ്ട്/ ഞങ്ങളുടെ സഹായത്തിനു നീ എഴുന്നള്ളി/ഞങ്ങളുടെ ആത്മാക്കൾമേൽ അനുഗ്രഹം ചെയ്യേണമെ. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ട മിശിഹാ തമ്പുരാനെ/ഞങ്ങളുടെ നോമ്പും നമസ്ക്കാരവും നീ കൊക്കൊണ്ട്/ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ.

**രണ്ടു കൗമ്മാ**

മോറാനേശുമിശിഹാ!

നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട്/നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു/ ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി കൊണ്ടുവന്നു.

ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

**രണ്ടു കൗമ്മാ**

(താഴെയുള്ള അപേക്ഷ ഞായറാഴ്ച അസ്തമിച്ചുള്ള സന്ധ്യാനമസ്ക്കാരത്തിനു മാത്രം ചൊല്ലി കുമ്പിടണം.)

***ഉന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സമാധാനവും യോജ്യതയും മനുഷ്യമക്കൾക്ക് നല്ല ശരണവും ഉണ്ടാകട്ടെ.***

**4-ാം മസുമൂറാ**

എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷിതാവുമേ, നിന്നെ ഞാൻ വിളിച്ചപ്പോൾ/എന്നോടു നീ ഉത്തരം പറഞ്ഞു. എന്റെ ഞെരുക്കങ്ങളിൽ എന്നെ നീ ആശ്വസിപ്പിച്ച്/എന്റെ മേൽ അനുഗ്രഹം ചെയ്ത് എന്റെ പ്രാർത്ഥനയെ കേൾക്കണമെ. മനുഷ്യമക്കളെ നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മൂടി/മായയെ സ്നേഹിച്ച് എന്നേക്കും വ്യാജം അന്വേഷിക്കുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ടവനെ കർത്താവു അത്ഭുതത്താൽ തനിക്കായി വേർതിരിച്ചു എന്നു നിങ്ങൾ അറിവീൻ. തന്നെ ഞാൻ വിളിക്കുമ്പോൾ കർത്താവു കേൾക്കും. കോപിച്ചാലും നിങ്ങൾ പാപം ചെയ്യരുത്. നിങ്ങളുടെ ഹൃദയങ്ങളിൽ പറഞ്ഞ് നിങ്ങളുടെ കിടക്കകളിൽ നിങ്ങൾ നിരൂപിപ്പിൻ. നീതിയുടെ ബലികളെ നിങ്ങൾ കഴിച്ചു കർത്താവിൽ ശരണം പ്രാപിപ്പീൻ. നമുക്കു നന്മ ആരു കാണിക്കുമെന്നു പറയുന്നവർപലരുണ്ട്. തന്റെ മുഖപ്രകാശം ഞങ്ങളുടെ മേൽ താൻ വിരിക്കട്ടെ. കർത്താവേ അവരുടെ ധാന്യവും വീഞ്ഞും എണ്ണയും/സമാധാനത്താലെ ഒന്നിച്ചു വർദ്ധിച്ചകാലത്തേക്കാൾ, നിന്റെ സന്തോഷം എന്റെ മനസ്സിൽ നീ തന്നു. ഞാൻ കിടന്നുറങ്ങും. എന്തെന്നാൽ കർത്താവേ നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ

## മോർ യാക്കോബിന്റെ ബോവൂസോ

(കോറേനാൻലോക് - എന്ന ലയം)

*കർതൃകർത്താവേ നിന്നെ ഞങ്ങൾ വിളിക്കുന്നിപ്പോൾ
നീ എഴുന്നെള്ളി പ്രാർത്ഥനകേട്ടു കൃപ ചെയ്യണമെ.

ഈറേമാലാഖാമാരുടെയും ഉടയവനായ
കർതൃകർത്താവേ ആത്മാക്കൾമേൽ കൃപ ചെയ്യണമെ.

ബാവാ പുത്ര ശുദ്ധറൂഹായെ വിശ്വാസത്താൽ
ഞങ്ങൾമുട്ടി നിൻകൃപകൊണ്ട് ഉത്തരമരുൾക.

നിൻമനോഗുണത്തെ ഞങ്ങൾ കണ്ടു നിൻതിരുനാമം
സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ കൺകൾവെളിവാക്കണമെ.

നിന്റെദയയിൻ സങ്കേതത്തെ ഞങ്ങൾ പിടിച്ചു
നിന്നനുഗ്രഹത്താൽ ഞങ്ങളെ നീ ജീവിപ്പിക്കണമെ.

ഞങ്ങളുടെ ദൈവമേ! നിന്നിൽ നിന്നു പ്രാർത്ഥിച്ചതിനാൽ
ഞങ്ങൾക്കായി ശുദ്ധഹൃദയം നൽകീടണമെ.

*റൂഹായുധത്തെ *ബീശേൻപക്കൽ പ്രയോഗിക്ക,
ഞങ്ങളുടെ മുറിവേസൗഖ്യപ്പെടുത്തി രക്ഷിക്കണമെ.

---

*കർതൃകർത്താവേ = ദൈവമാകുന്ന കർത്താവേ
*റൂഹായുധത്തെ = പരിശുദ്ധാത്മാവാകുന്ന ആയുധത്തെ
*ബീശേൻ = ദുഷ്ടൻ (പിശാച്)

നിന്റെ പിന്നിൽ വന്നവരെ നാണിപ്പിക്കല്ലെ;
എന്റെ കർത്താവേ! നിൻ വലങ്കയ്യാൽ രക്ഷിക്കണമെ.

എന്റെയിഷ്ടം നിന്റേതാവാനാശിക്കുന്നു
സകലേശ്വരനാം സർവ്വപിതാവേ വന്ദിക്കുന്നു.

സകലഗുണവും നിന്നിൽനിന്നു ഞങ്ങൾ വാങ്ങി,
വ്യാപിരിയെപ്പോൽ ഞങ്ങളുടെ ദ്രവ്യം നീ വാങ്ങണമെ.

പഠിപ്പാൻ നിന്റെ സൽപുസ്തകത്തെ നൽകീടണമെ
ദാസാ ദാസി സുതരെ നീ ജീവിപ്പിക്കണമെ.

എന്റെ കർത്താവേ നിന്റെ ദേഹരക്തങ്ങളെയും
തിന്നുകുടിച്ച ഞങ്ങളെ നീ ജീവിപ്പിക്കണമെ.

നിന്റെ സ്ലീബാ ഞങ്ങളുടെ ദേഹോപദ്രവത്തിനു
കോട്ടയതായി ഞങ്ങൾക്കതിനെ നൽകീടണമെ.

ഇടയാനിന്റെ ഇടവകയുടെ കുഞ്ഞാടാക്കാ
നിന്റെ വലങ്കൈ ഞങ്ങളുടെമേൽ ആവസിപ്പിക്ക.

ലോകപിതാവാം രാജരാജാവേ! നിനക്കു സ്തോത്രം
ഞങ്ങളുടെ അപേക്ഷ കാഴ്ചയെപ്പോൽ കൈക്കൊള്ളണമെ.

*****നിഖിലം *****ശ്രവിക്കും നമസ്ക്കാരം കൈക്കൊള്ളുന്നവനേ
പ്രാർത്ഥനകേട്ടു ആത്മാക്കളെ നീ രക്ഷിക്കേണമെ.

---

* നിഖിലം = സർവ്വവും
* ശ്രവിക്കും= കേൾക്കും

**അല്ലെങ്കിൽ**

(കർത്തൃകർത്താവേ എന്ന രീതി)

1. ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു-
   പ്രാർത്ഥന കേട്ടിട്ടാത്മക്കൾമേൽ കൃപ ചെയ്യേണം.
2. ഈശാനാഥാ ഈറയനാഥാ മാലാഖേശാ-
   പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം
3. താത സുതാത്മാ ശോഭിപ്പിക്കെൻ ഹൃദയത്തെ നീ
   നിൻവിതില്ക്കൽ മുട്ടുന്നടിയാനുത്തരമേക.
4. ശോഭിപ്പിക്കെൻ നയനങ്ങളെ നിൻ സത്യം കാണ്മാൻ
   നിൻദയവിൽ ഞാൻ അഭയം ചേർന്നേൻകാക്കണമെന്നെ
5. യാചിപ്പോനാമെന്നിൽ ശുദ്ധഹൃദയം നൽക
   *ജീവജ്ഞാനം നിൻനിറവിൽ നിന്നേകണമെന്നിൽ
6. ആത്മീകായുധമേകുക തുണയായ്, ദുഷ്ടന്നെതിരായ്
   നിൻ നാമത്തിൽമുദ്രിതനാക്കി കാക്കണമെന്നെ.
7. നിൻഭാഗ്യം ഞാൻ സ്നേഹിച്ചെത്തി നിൻപിന്നാലെ
   ലജ്ജിക്കാ-ഞാൻ, നിന്റെ വലങ്കൈമേവണമെന്നിൽ
8. നിൻവക ഞാനായ് തീരുകമാത്രം എന്നുടെയിഷ്ടം
   നാഥാ താതാ കരുണാപരനെ വന്ദിപ്പേൻ ഞാൻ
9. നിന്നിൻനിന്നും ദയ പ്രാപിച്ചേൻ ലജ്ജിക്കാഞാൻ
   *വാണിജതുല്യം എൻഹൃത്തേല്ക്കും നിൻ നിക്ഷേപം

---

*ജീവജ്ഞാനം = നിത്യജീവനെക്കുറിച്ചുള്ള അറിവ്
*വാണിജൻ = വ്യാപാരി

10. സൽഗ്രന്ഥം ഞാൻ വായിച്ചറിവിൽ വർദ്ധിക്കേണമെ
ജീവിപ്പിക്കീ ദാസൻ ദാസീ സുതനാമെന്നെ.
11. നിൻ മെയ്‌രക്തം പ്രാപിച്ചതിനാൽ ജീവൻ നൽക
കോട്ടസമാനം നിൻകുരിശെന്നെ കാവൽ ചെയ്ക
12. പ്രാർത്ഥിച്ചേൻനിൻ വലതുകരത്തെ ചേർക്കണമെന്മേൽ
നല്ലിടയാ നിന്നജഗണമദ്ധ്യേ കുഞ്ഞാടാക്ക
13. ലോകപിതാവേ! ജീവാധിപ നിൻനാമം സ്തുത്യം
കാഴ്ചസമാനം സവിധേ പൂകട്ടെന്നർത്ഥനയും
14. സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനെ
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം.

## സൂത്താറാനമസ്ക്കാരം

കരുണയുള്ള ദൈവമേ! നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽ നിന്ന്/ അവരുടെ ആവശ്യങ്ങളെ നീ വിരോധിക്കരുതെ. ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിന് നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനെ! ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ടു/ നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമെ.

## മോർ അപ്രേമിന്റെ മെമ്മറാ

***ഞങ്ങൾക്കുള്ള കർത്താവേ- തുടങ്ങി ആയിരങ്ങളുടെ ആയിരവും അളവു കൂടാതെ നിനക്കു സ്തുതി (പേജ് 16-19) എന്നു വരെ ചൊല്ലിയതിനു ശേഷം ചൊല്ലേണ്ടത്.***

സ്വർഗ്ഗാദൂതർക്കുടയവനെ
അവരാൽ മഹത്വപ്പെടുന്നവനെ
വന്ദനവോടെ നിനക്കു സ്തുതി
പ്രാർത്ഥനകൾ കൊക്കൊള്ളണമെ

*ത്രിയേകമേകത്രിയാം
ഏകദൈവമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യപരനെ നിനക്കു സ്തുതി.

ബലഹീനരുടെ അപേക്ഷകളും
അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾപോൽ
കൈക്കൊൾവോനെ നിനക്കു സ്തുതി.

സ്വർഗ്ഗാദൂതന്മാർ തന്നെ
സ്തുതിയാൽ ഘോഷിക്കുന്നവനെ
പൂഴികളായവരിൽ നിന്നു
അളവില്ലാതെ നിനക്കു സ്തുതി.

പിതൃസുതപരിശുദ്ധാത്മാവാം
ഏകദൈവത്തിൽ പക്കൽ
നിർമ്മലമായ ബോധത്താൽ
സ്തോത്രം നാം ചെയ്തീടേണം.

കൊല്ലും നഞ്ചിവയായുള്ള
പൊന്നും വെള്ളിയും നേടേണ്ട
നിത്യജിവൻപ്രാപിപ്പാൻ
സത്യോപദേശം കേൾക്ക.

നാല്പതുനാൾഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക

---

*ത്രിയേകമേകത്രിയാം = ത്രിത്വത്തിൽ ഏകനും
ഏകത്വത്തിൽ തൃത്വനും

*ഈശൈസുതനെപ്പോൽദിനം
ഏഴുവട്ടം പ്രാർത്ഥിക്ക.
മോശയുമേലിയാവും
നാല്പതുദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകയാൽക്കറുസയെ ജയിച്ചു.
കടൽ*കൂപാമഗ്നികളിൽ
രക്ഷിച്ചെന്നാപ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്ക്കാരങ്ങൾക്കു
കൃപയുടെവാതിൽ തുറക്കണമെ.
നമസ്ക്കാരം കേൾക്കുന്നവനേ
യാചനകൾ നല്കുന്നവനേ
ഞങ്ങളുടെ നമസ്ക്കാരം കേട്ട്
യാചനകൾ നൽകീടണമെ.

കുറി .................... കുറി .................. കുറിയേലായിസ്സോൻ.

**അല്ലെങ്കിൽ**

(രണ്ടു കൗമ്മാ നമസ്ക്കരിക്കണം)

മസുമൂറാ 91- 121

***അത്യുന്നതന്റെ മറവിൽ വസിക്കുകയും .....(പേജ് 8)***

***മഹോന്നതന്റെ മറയിലിരിക്കുന്നവനായ ..... (പേജ് 10)***

ക്രൂബേന്മാരുടെ സ്തുതി

*എന്നേക്കും തന്റെ സ്ഥാനത്തു നിന്നും........ (പേജ് 11)*

**വിശ്വാസപ്രമാണം** *(പേജ് 12)*

---

*ഈശൈസുതൻ = ഈശായിയുടെ പുത്രൻ (ദാവീദ്)
* കൂപം = കിണർ

***സത്യവാനായ ദൈവം തമ്പുരാനെ........... (പേജ് 14)***

## അപേക്ഷ

പരിശുദ്ധനായ ബാവാ തമ്പുരാനേ നിന്റെ പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ നീ കാത്തുകൊള്ളണമേ.

രക്ഷകനായ പുത്രാ ജയമുള്ള നിന്റെ സ്ലീബായാൽ/ ഞങ്ങളെ നീ മറച്ചുകൊള്ളണമേ.

പരിശുദ്ധറൂഹാ നിന്റെ വാസത്തിനുള്ള ഭവനങ്ങളാക്കി ഞങ്ങളെ തീർക്കണമേ.

ഞങ്ങളുടെ ദൈവമായ കർത്താവേ/നേരമൊക്കെയിലും എല്ലാ സമയത്തിലും/നിന്റെ ദൈവത്വത്തിന്റെ ചിറകിൻ കീഴിൽ എന്നേക്കും ഞങ്ങളെമറച്ചു കൊള്ളണമേ.
ആമ്മീൻ

(സന്ധ്യയുടെ നമസ്ക്കാരം സമാപിച്ചു)

# വലിയ നോമ്പിൽ മയ്യലിന്റെ നമസ്ക്കാരം

**ഒരു കൗമ്മാ**

*ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ ....... (പേജ് 21)*

അപേക്ഷ

കർത്താവേ എന്റെ കിടക്കയിൽ/നിന്നെ ഞാൻ ഓർക്കാത്ത രാത്രിയില്ല. നീ എത്ര വലിയവനാകുന്നു എന്നു/രാത്രികളിൽ ഞാൻ നിരൂപിച്ചു. നിന്റെ തിരുമുമ്പിൽ നിന്നു അഗ്നിയുടെ നദി ഒഴുകുന്നു എന്നു/ദാനിയേൽ പറയുന്ന ശബ്ദം ഞാൻ കേട്ടു. എന്റെ കടങ്ങൾ വളരെയാകുന്നതു കൊണ്ട് എനിക്കു ഹാ കഷ്ടം! എന്തെന്നാൽ നിന്റെ കൃപ എനിക്കു വേണ്ടി നിന്നോട പേക്ഷിക്കയും/നിന്റെ അനുഗ്രഹങ്ങൾ എന്റെ മേൽ ഉണ്ടാകു കയും ചെയ്യാഞ്ഞാൽ /ഞാൻ അതിൽ കൂടെ എങ്ങനെ കട ക്കേണ്ടു? കർത്താവേ നിന്റെ അനുഗ്രഹങ്ങൾ നിമിത്തം എന്റെ മേൽ കരുണചെയ്യേണമെ.

മനുഷ്യരെ സ്നേഹിക്കുന്നവനായ എന്റെ കർത്താവേ/എന്റെ കിടക്കയിൽ വെച്ചു നിന്നെ ഞാൻ ഓർത്തു. രാത്രികളിൽ നിന്നിൽ ഞാൻ നിരൂപിച്ചു. നീ വളരെ വലിയവനാകയാൽ/ എന്റെ കറകളിലും ചെളികളിലും ഞാൻ സൂക്ഷിച്ചു നോക്കി യാറെ/നിന്നെ വിളിപ്പാൻ ഞാൻ ലജ്ജിക്കുന്നു. കർത്താവേ! കള്ളനും ചുങ്കക്കാരനും *ദോഷത്താളത്തിയും/*മാഹൈത്താ യോടു കൂടെ കനാൻക്കാരിയും ശമര്യാക്കാരിയും/എന്നെമനസ്സു റപ്പിച്ചു എന്നോടു പറയുന്നു. "നിന്റെ കർത്താവു കരുണ നിറ ഞ്ഞവനാക കൊണ്ട്/നീ അവങ്കൽ അടുത്തുചെന്നു അനുഗ്ര ഹത്തെ എടുത്തുകൊൾക".

വ്യഭിചാരികൾക്ക് കഷ്ടം എന്നും മോഷ്ടാക്കൾക്കു ലജ്ജ

---

*ദോഷത്താളത്തി = പാപിനി
*മാഹൈത്താ = വ്യഭിചാരിണി

യെന്നും/ദൈവദൂഷണക്കാർക്ക് നിത്യാഗ്നിയെന്നും പറയപ്പെട്ട/ പൗലൂസിന്റെ ലേഖനം വായിച്ചപ്പോൾ ഞാൻ കരഞ്ഞു. എന്തെന്നാൽ ഇവയൊക്കെയും എന്റെ പൈതൽ പ്രായം മുതൽ/ഞാൻ ചെയ്തിട്ടുള്ളതു കൊണ്ട് എനിക്കു ഹാ! കഷ്ടം. എന്റെ കർത്താവേ! പാപിനിയെപ്പോലെ നിന്നോടു ഞാൻ നിലവിളിക്കുന്നു. ചുങ്കക്കാരനെപ്പോലെ നിന്നോട് ഞാൻ അപേക്ഷിക്കുന്നു. അനുഗ്രഹം നിറഞ്ഞവനായ എന്റെ കർത്താവേ/നീ കൃപ ചെയ്തു എന്റെ മേൽ അനുഗ്രഹം ചെയ്യണമെ.

ഞങ്ങളുടെ ദൈവമായ കർത്താവേ/ നിന്റെ തിരുമുമ്പിൽ നിന്നു എവിടേക്കു ഞാൻ പോകേണ്ടു. നിന്റെ സന്നിധാനത്തിങ്കൽ നിന്ന്/ എവിടേക്കു ഞാൻ ഓടി ഒളിക്കേണ്ടു. ഉയരത്തിൽ ഞാൻ കയറുന്നു എങ്കിൽ/ആദ്യന്തമില്ലാതെ അവിടെ നീയാകുന്നു. പാതാളത്തിൽ ഞാൻ ഇറങ്ങുന്നു എങ്കിൽ/ അവിടെയും നിന്റെ അധികാരം ആകുന്നു. എന്റെ ദൈവമേ, നിന്റെ അനുഗ്രഹങ്ങളാൽ എന്നോടു കരുണ ചെയ്തു/ നിന്റെ വലത്തുഭാഗത്ത് എന്നെ നിർത്തണമേ. എന്തെന്നാൽ ജീവനുള്ളയാതൊന്നും/ നിന്റെ തിരുമുമ്പാകെ കുറ്റം തീർന്നതായിരിപ്പാൻ കഴിയുന്നതല്ല.

കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നതു കൊണ്ട്/ ഞങ്ങളുടെ സഹായത്തിനു നീ എഴുന്നള്ളി/ഞങ്ങളുടെ അപേക്ഷയെ കേട്ടു/ ഞങ്ങളുടെ ആത്മാക്കൾമേൽ അനുഗ്രഹം ചെയ്യണമെ. കർത്താവേ, നിന്റെ ദീർഘക്ഷമ എന്റെമേൽ വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവസരമുള്ളപ്പോൾ അനുഗ്രഹങ്ങളെ യാചിപ്പാൻ/എനിക്കു നീ കൃപ നൽകേണമേ. നിന്റെ അനുഗ്രഹങ്ങൾക്കായിട്ടു ഞാൻ ദാഹിച്ചിരിക്കുന്നു. എന്തെന്നാൽ അവ കൂടാതെ ഞാൻ നിലനിൽക്കുന്നതല്ല. അനുഗ്രഹങ്ങളുടെ സമുദ്രമായ കർത്താവേ/ നിന്റെ കരുണയുടെ രശ്മികളെ എന്നിൽ പ്രകാശിപ്പിക്കേണമെ. അന്യായ പ്രവർത്തികളിൽ എന്റെ സമയങ്ങളെ ഞാൻ

ചെലവഴിച്ചു. കർത്താവേ, നിനക്കുള്ളവൻ ഞാനാകുവാൻ/ എന്റെ ജീവന്റെ അവസാനത്തിലെങ്കിലും എന്നെ കൈക്കൊള്ളേണമേ. വഞ്ചനയുടെ അധിപതിയായ സാത്താൻ എന്നെ കൊല്ലുവാൻ/ അവന്റെ അസ്ത്രങ്ങളെ  എന്നിൽ എയ്തിരിക്കുന്നതുകൊണ്ട്/ മഹാ ശക്തിമാനായ എന്റെ കർത്താവേ, എന്നിൽ നിന്റെ സുഗന്ധ തൈലത്തെ അഭിഷേകം ചെയ്യണമെ. എന്തെന്നാൽ അതിനാൽ ഞാൻ സൗഖ്യപ്പെടും. ദൈവമേ എന്നോടു നീ ഉത്തരമരുളിചെയ്യേണമെ. ദൈവമേ എന്നോടു നീ ഉത്തരമരുളിച്ചെയ്ത്/ എന്റെ മേൽ അനുഗ്രഹം ചെയ്യേണമെ. മനുഷ്യമക്കളെല്ലാവരുടെയും മേൽ അനുഗ്രഹം ചെയ്യേണമെ.    ആമ്മീൻ.

***(എന്നേക്കും തന്റെ സ്ഥാനത്തുനിന്നും കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു......... എന്ന കൗമാ (പേജ് 11)***

**അപേക്ഷ**

കർത്താവേ, നിന്റെ പരിശുദ്ധ തിരുനാമത്തെ ഞാൻ ഉപേക്ഷിച്ചില്ലാ എന്നതുകൊണ്ട്/ എന്നെ നീ ലജ്ജിപ്പിക്കല്ലേ. എന്റെ കർത്താവേ, മനുഷ്യമക്കളുടെ  മുമ്പാകെ നിന്നെ ഞാൻ ഏറ്റു പറഞ്ഞതുകൊണ്ട്/ നിന്റെ പിതാവിന്റെ തിരുമുമ്പാകെ എന്നെ നീയും ഏറ്റുപറയണമെ.  നിന്റെ ശരീരരക്തത്തെ ഞാൻ ഭക്ഷിച്ചു കുടിച്ചതുകൊണ്ടു/ നിന്റെ മോക്ഷത്തിനും നിന്റെ പരമാനന്ദത്തിനും എന്നെ നീ യോഗ്യനാക്കേണമെ. നിന്റെ മാലാഖമാരോടു കൂടെ വലിയ സ്തുതിയാൽ നീ എഴുന്നള്ളി വരുമ്പോൾ /നിന്റെ കൃപയാൽ എന്റെ കടങ്ങളെ നീ മായിച്ചുകളയേണമേ.

ദാവീദ് അവന്റെ *നന്തുനിയുടെ കമ്പികളാൽ / രാത്രിയിൽ പരിശുദ്ധ റൂഹായുടെ കീർത്തനങ്ങളെ പാടി സ്തുതിച്ചു. കർത്താവേ, ഞങ്ങളുടെ മനുഷ്യവർഗ്ഗത്തോടു നീ

*നന്തുനി = വീണ

ചെയ്തിട്ടുള്ള/ നല്ലതായ നിന്റെ ന്യായങ്ങൾക്കുവേണ്ടി / സ്തോത്രം ചെയ് വാൻ രാത്രിയിൽ ഞാൻ ഉണർന്നു. എന്തെന്നാൽ നിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ നീ സൃഷ്ടിച്ചു. ബോധം കൊണ്ടും സ്വാതന്ത്ര്യം കൊണ്ടും ഞങ്ങളെ നീ അലങ്കരിച്ചു. നിന്റെ വിരലുകളുടെ വേലയായ ഞങ്ങളെ സൗന്ദര്യവും ഭംഗിയുമുള്ളവരാക്കി തീർത്തു.

കർത്താവേ മഹാ ദു:ഖത്തോടെ ഞങ്ങൾ നിലവിളിച്ചു പ്രാർത്ഥിക്കുന്നു. സത്യത്താലെ നിന്നെ വിളിക്കുന്നവർക്കു നീ സമീപസ്ഥനാകയാൽ/ നിന്റെ അനുഗ്രഹങ്ങളോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ ആദ്യന്തമില്ലാത്ത കൃപ നിമിത്തം/ ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്യേണമെ.

കർത്താവേ ഞങ്ങളുടെ സങ്കടത്തെ ഓർത്ത്/ഞങ്ങളുടെ കണ്ണീരിന്റെ തുള്ളിയാൽ/ ഞങ്ങളുടെ പാപത്തിന്റെ അഴുക്കുവസ്ത്രത്തെ നിർമ്മലമാക്കേണമെ. ദൈവപുത്രാ, നിന്റെ രണ്ടാമത്തെ വരവും/ വിസ്മയിക്കപ്പെട്ട നാഴികയും എപ്പോൾ എന്ന് ആരറിയുന്നു. ലോകാവസാനവും വാതുക്കൽ നിൽക്കുന്നു എന്നു/ശ്ലീഹായും ഞങ്ങളോടു സാക്ഷിക്കുന്നു. ആ നാഴികയിൽ ഉണ്ടാകുന്ന നിന്റെ ന്യായത്തീർപ്പു/ കരുണയിൽ ആകുന്നവനു ഭാഗ്യം. കർത്താവേ, നിന്റെ ന്യായവിധി കരുണയാൽ ആകേണമെ.

ഞങ്ങളുടെ പാപത്തിന്റെ ബഹത്വം/ ആ സമയം നിന്റെ തിരുഹൃദയത്തിൽ കരേറുമാറാകരുതേ. കർത്താവേ, ഞങ്ങളുടെമേൽ നീ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ നോമ്പും നമസ്ക്കാരവും ശുശ്രൂഷയും /നിന്റെ തിരുമുമ്പാകെ കൈക്കൊള്ളപ്പെടുമാറാകേണമെ. നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു മനോഗുണവും/അനുഗ്രഹങ്ങളും പാപമോചനവും ഞങ്ങൾക്കു നീ നൽകേണമേ. നീ അനുഗ്രഹങ്ങളുടെ സമുദ്രമാകുന്നു. ഞങ്ങളുടെ അന്യായമോ ചെളിയുടെ തുള്ളിപോലെയും ആകുന്നു. മഹാവലിയ സമുദ്രമായ നിന്റെ ആർദ്രകരുണമൂലം/ ഞങ്ങളുടെ

പാപത്തിന്റെ തുള്ളികളെ നീ ശുദ്ധീകരിക്കേണമേ. എന്റെ കർത്താവേ പാപികളായ ഞങ്ങൾക്കുവേണ്ടി ചിന്തപ്പെട്ടു എന്ന/ ഏറിയ നിന്റെ സ്നേഹത്തിനു സ്തുതി. കർത്താവേ, ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ. ഞങ്ങളുടെ സകല കുറ്റങ്ങളിൽ നിന്നും ഞങ്ങളെ നീ വെടിപ്പാക്കേണമെ. ആമ്മീൻ.

***എന്നേക്കും തന്റെ സ്ഥാനത്തു നിന്നു കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു .......... എന്ന കൗമാ (പേജ് 11)***

അനുഗ്രഹങ്ങൾ നിറയഞ്ഞിരിക്കുന്ന മഹാസമുദ്രമായ കർത്താവേ/ നിന്നിൽ ശരണം പ്രാപിക്കുന്നവർക്കു/സാമാധാനത്തിന്റെ തുറമുഖം നീ ആകയാൽ/ശിമഓന്റെ സാദൃശ്യത്തിൽ/ ഈ ലോകത്തിന്റെ പാപമുഴുകലിൻ നിന്ന് എന്നെ നീ കോരിയെടുക്കണമെ.

എന്റെ കർത്താവേ! നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നതു കൊണ്ട്/ഞങ്ങളുടെ സഹായത്തിനു നീ എഴുന്നള്ളണമെ. എന്തെന്നാൽ കർത്താവേ! ഇതാ തിന്മപെട്ടവൻ/അവന്റെ ഉപായത്താൽ സൃഷ്ടകളെ കലഹിപ്പിച്ചു/ രാജാക്കന്മാരുടെ ഇടയിൽ വിരുദ്ധത്തിന്റെ വാളിനെ ഇട്ടിരിക്കുന്നു. അത്രയുമല്ല, കർത്താവേ/ അധികാരികളേയും അവൻ കലഹിപ്പിക്കുന്നു. എഴുതപ്പെട്ടിരിക്കുന്ന പ്രകാരം കഴിയുമെങ്കിൽ/തിരഞ്ഞെടുക്കപ്പെട്ടവരേയും വഞ്ചിപ്പാൻ അവൻ പ്രയാസപ്പെടുന്നു കർത്താവേ! നിന്റെ കൃപയിൽ അല്ലാതെ ആരിൽ ഞങ്ങൾ സങ്കേതപ്പെടേണ്ടു. നിന്റെ സ്ലീബായുടെ അടയാളത്താലെ, തിന്മപെട്ടവനെ ഞങ്ങളിൽ നിന്നു നീ മായിച്ചു കളയണമേ.

എന്റെ കർത്താവേ! നിന്റെ ന്യായവിസ്താരത്തിൽ പക്ഷാഭേദം ഇല്ലാത്തതിനാൽ/എന്റെ പാപം നിമിത്തം ഞാൻ ദു:ഖിക്കുന്നു. പുസ്തകങ്ങൾ തുറക്കപ്പെടുകയും/നിന്റെ നീതി എന്റെ കുറ്റങ്ങളെ പരിശോധിക്കുകയും ചെയ്യുന്ന നേരത്തിൽ/ നിന്റെ കൃപ എന്നോടു കരുണ ചെയ്യുമാറാകണമേ. നിന്റെ കൃപ നിന്റെ

നീതിയോട് അപേക്ഷിക്കുകയും/എന്നിൽ വന്നു പോയിട്ടുള്ള കുറ്റങ്ങൾ പാപമോചനത്തെ പ്രാപിക്കുകയും ചെയ്യേണമെ. കർത്താവേ! നിന്നോടു ഞാൻ പിഴച്ചു എന്നു ഞാൻ ഏറ്റുപറയുന്നു. നീ കൃപ ചെയ്ത് എന്റെ മേൽ അനുഗ്രഹം ചെയ്യേണമെ.

സമുദ്രത്തിന്റെ ഉള്ളിൽവച്ചു യൗനാന്റെ അപേക്ഷയെ നീ കൈക്കൊണ്ട്/ വലിയ മത്സ്യത്തോടു കല്പിക്കുകയും/ മൂന്നാം ദിവസം അവനെ രക്ഷിക്കുകയും ചെയ്തു എന്ന ദൈവമേ!/ഞങ്ങളോടു നീ നിരപ്പായി/നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നൽകുമാറകണമെ. ഞങ്ങൾ നിന്നെ വെറുപ്പിച്ചു എങ്കിലും / നിന്നെ നിരപ്പാക്കുവാൻ നിന്റെ സ്നേഹത്തെ പ്രതി മരിച്ചു എന്ന സഹദേന്മാരുടെയും/ സകല പരിശുദ്ധന്മാരുടെയും / പ്രാർത്ഥനമുലം ഞങ്ങളോടു നിരപ്പാകണമെ.

നിന്റെ സഭ നിന്റെ വാതിലിൽ മുട്ടുന്നു. നിന്റെ സഭയ്ക്കു വേണ്ടി നീ സഹിച്ചു എന്ന/നിന്റെ കഷ്ടാനുഭവത്തെ പ്രതി നിന്നോട് ഞാൻ അപേക്ഷിക്കുന്നു. നിന്റെ ആദ്യന്തമില്ലാത്ത കൃപയാൽ/നിന്റെ സഭമേൽ നീ കൃപ ചെയ്യേണമെ. ആമ്മീൻ.

പാപികളോടു കരുണ ചെയ്യുന്നവനായ കർത്താവേ! നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യേണമെ. നിന്റെ കൃപയുടെ ബഹുത്വത്താൽ ഞങ്ങളുടെ കടങ്ങളെ നീ ക്ഷമിക്കേണമെ. മനോഗുണമുള്ളവനേ! ഞെരുങ്ങപ്പെട്ടവരായി/നിന്റെ വാതിലിൽ മുട്ടിവിളിക്കുന്നവരുടെ യാചനകളെ നീ നൽകണമേ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ! നിന്റെ തിരുമുമ്പാകെ ഞങ്ങൾ ചെയ്യുന്ന സകല ശുശ്രൂഷകളേയും നീകൈക്കൊണ്ടു/ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമേ/ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ആമ്മീൻ.

ഹാലേലുയ്യാ ഹാലേലുയ്യാ ഹാലേലുയ്യാ ദൈവമേ നിനക്കു സ്തുതി.

ഹാലേലുയ്യാ ഹാലേലുയ്യാ ഹാലേലുയ്യാ ദൈവമേ നിനക്കു സ്തുതി.

ഹാലേലുയ്യാ ഹാലേലുയ്യാ ഹാലേലുയ്യാ ദൈവമേ നിനക്കു സ്തുതി.

കരുണയുള്ള ദൈവമേ, നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യേണമെ.

ത്രിത്വത്തിനു സ്തുതി, ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും കാതലായതും ആദ്യന്തമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ എല്ലാനേരത്തിലും സ്തുതി നിനക്കു യോഗ്യമാകുന്നു.

കല്പനലംഘനത്താൽ ഏദനിൽ കടപ്പെട്ടു എന്ന/മനുഷ്യവർഗ്ഗത്തിന്റെ കടങ്ങളും പാപങ്ങളും നോമ്പാലെ ക്ഷമിക്കപ്പെടുന്നു. ആദാം പ്രവേശിച്ചു. മോക്ഷം നേടുവാൻ/പറുദീസായുടെ വാതിലുകളും അതിനാലെ തുറക്കപ്പെടുന്നു.

ദാനിയേൽ നോറ്റു എന്ന നോമ്പാൽ അവൻ സിംഹങ്ങളെ ജയിച്ചു. ഹാനനിയ ആദിയായ പൈതങ്ങളും തിച്ചൂളയുടെ ഭയങ്കര ശക്തിയെകെടുത്തി. ഏലിയായും രഥത്തിൽ ആകാശത്തിലേക്കു കരേറി. *ഈശോബർനൂനും ആകാശത്തട്ടിൽ സൂര്യനേയും ചന്ദ്രനേയും വിലക്കി. നോമ്പിലും നമസ്ക്കാരത്തിലും പൂർണ്ണമനസ്സോടെ താല്പര്യപ്പെട്ടു എന്നവനു ഭാഗ്യം. മോക്ഷവും സന്തോഷങ്ങളുടെ മണവറയും അവനായിട്ടു തുറക്കപ്പെടുന്നു.

തന്റെ നോമ്പാലെ ഞങ്ങളെ സ്വതന്ത്രമാക്കി എന്ന കർത്താവെ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

മനുഷ്യപുത്രനായി, മോശയെപ്പോലെയും ഏലിയായെപ്പോലെയും നോമ്പു നോറ്റ അത്യുന്നതനായവനേ! /നിന്നാലെ

* ഈശോബർനൂൻ – നൂന്റെ പുത്രനായ യോശുവ

മലാഖമാർക്കു ഞങ്ങൾ സാദൃശ്യപ്പെടുകയും/നിന്റെ രുചിക ളാൽ ലോകരുചീകളെ നിരസിക്കുകയും ചെയ്യുമാറാകണമെ. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചു എന്ന മിശിഹാ കർത്താവേ!/ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതി. ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും ഞങ്ങ ളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകളെ നൽകുന്നവനുമായ കർത്താ വേ/ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടു നിരപ്പായി/ നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നൽകു മാറാകണമെ.

***അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതു പോലെ ............. (പേജ് 23)***

മോറാനേശുമിശിഹാ!

നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ അട യ്ക്കരുതേ.

കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ.
കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായിക്ക പ്പെടുവാനായിട്ട് /നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്നു/ ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കി കൊണ്ടുവന്നു.

ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

**രണ്ട് കൗമാ**

***ദൈവമേ നിന്റെ കൃപയിൻ പ്രകാരം ............. (പേജ് 25)***

**അപേക്ഷ**

കർത്താവേ ! ജിവന്റെ വഴിയെ വിട്ടു മായയുടെ പിന്നാലെ ഓടി എന്ന/നശിക്കപ്പെട്ട പള്ളാടു ഞാൻ ആകുന്നു. നല്ല ഇട യനേ! നീ പുറപ്പെട്ട് എന്നെ അന്വേഷിക്കേണമെ. ഞാൻ അ ശേഷം നശിച്ചു പോകുവാൻ എന്നെ നീ കൈവിട്ടുകളയരുതെ.

പിന്നെയോ ചുങ്കക്കാരനോടു കൂടെയും പാപിനിയോടുകൂടെയും/ ബുദ്ധിയുള്ളവരായ കന്യകമാരോടു കൂടെയും/നിന്റെ ആട്ടിൻകൂട്ടത്തിൽ എന്നെ എണ്ണി/നിന്റെ മണവറയ്ക്കു പ്രവേശിപ്പാൻ എന്നെ യോഗ്യനാക്കേണമെ.

ദൈവമേ! എന്റെ കടങ്ങളെ നീ പുണ്യമാക്കി/എന്റെ അകൃത്യങ്ങളെ ഒക്കെയും ക്ഷമിക്കേണമെ. എന്തെന്നാൽ ഞാൻ പാപം ചെയ്തു നിന്നെ കോപിപ്പിച്ചു. പാപിനിയെപ്പോലെ ഞാൻ നിലവിളിക്കുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, മഹത്വത്തോടെ നീ എഴുന്നള്ളി വരുമ്പോൾ/പരിശുദ്ധന്മാരുടെ കൂട്ടങ്ങളുടെ ഇടയിൽ/നിന്റെ കൃപയ്ക്കു സ്തുതിപാടുവാൻ എന്നേയും യോഗ്യനാക്കേണമെ.

മുടിയനായ പുത്രന്റെ സാദൃശത്തിൽ/വ്യസനത്താൽ ഞാൻ നിലവിളിക്കുന്നു. എന്റെ പിതാവേ! നീ കൃപ ചെയ്ത് എന്റെ മേൽ അനുഗ്രഹിക്കേണമെ. സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പിഴച്ചു, കൂലിക്കാരനെപ്പോലെ എന്നെ കൈക്കൊള്ളേണമെ. നിന്റെ ഭവനത്തിൽ അടിയാനെപ്പോലെ ഞാൻ ആയിക്കൊള്ളാം. അനുഗ്രഹിക്കുന്നവനായ ദൈവം നീ ആകയാൽ/ നിന്നോടു ഞാൻ പിഴച്ചു എന്ന സകലവും എന്നോടു നീ ക്ഷമിച്ചുകൊള്ളേണമെ.

ഞങ്ങളുടെ കർത്താവേ! മരണത്തിൽ നിന്നെ കുറിച്ച് ഓർമ്മയില്ല. പാതാളത്തിൽ നിനക്കു സ്തോത്രം ചെയ്വാൻ കഴിയുന്നവൻ ആരാകുന്നു/എന്നു കേട്ടപ്പോൾ ഞാൻ ഭയന്നു. ഇതിനാൽ എന്റെ പൂർണ്ണഹൃദയത്തോടെ/താല്പര്യപൂർവ്വം ഞാൻ നിലവിളിക്കുന്നു. ന്യായവിധിയിൽ നിന്ന് എന്നെ രക്ഷിക്കുന്നവൻ നീ ആകയാൽ/ എനിക്ക് ജീവനുള്ളപ്പോഴും ഞാൻ നിലവിളിക്കുമ്പോഴും/നിന്നെ സ്തുതിച്ചു പാടേണ്ടതാകുന്നു.

കർത്താവേ! നിന്റെ വാതിലിൽ ഞാൻ മുട്ടി വിളിക്കുന്നു. നിന്റെ അടിയാരുടെ അപേക്ഷകളെ നീ കേൾക്കേണമെ. അനു

തപിക്കുന്ന ഞങ്ങളുടെ നിലവിളിയെ സൂക്ഷിച്ചു കേൾക്കണമെ. ഞങ്ങൾക്കു വിരോധമായി നിൽക്കുന്ന ദൈവമില്ലാത്ത പുറജാതികളുടെ ഹേതുവാൽ/ഞങ്ങളിൽ നിന്നു നിന്റെ സൂക്ഷമത്തെ തിരിപ്പിക്കരുതെ. കർത്താവേ, ബലമുള്ള നിന്റെ തൃക്കൈകളാൽ/ ഞങ്ങളെ രക്ഷിച്ച്/ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

ഞങ്ങളുടെ കർത്താവേ, പരിശുദ്ധമുള്ള നോമ്പിനെ സകല തിന്മകളിൽ നിന്നും ഒഴിഞ്ഞ് വെടിപ്പോടെ നോല്പ്പാനും/ നിന്റെ ദൈവത്വത്തെ അനുകൂലപ്പെടുത്തുവാനും/ തമ്മിൽ തമ്മിൽ സ്നേഹിപ്പാനും/ഞങ്ങളുടെ സഹോദരങ്ങളെ പ്രിയപ്പെടുവാനും/ അനുഗ്രഹങ്ങളും പാപമോചനവും പ്രാപിപ്പാനും/ ഞങ്ങളെ യോഗ്യരാക്കേണമെ.

ദീർഘദർശിയായ മോശ അവന്റെ നോമ്പാൽ ഇസ്രായേൽ ജനത്തിനു പലകകളെ കൈക്കൊണ്ടു. ഏലിയാ മേല്പോട്ട് എടുത്തുകൊള്ളപ്പെട്ടു. ദാനിയേൽ മൃഗങ്ങളെ ജയിച്ചു. അതിൻവണ്ണം മോക്ഷം നേടുവാനായിട്ട് ഞങ്ങളും നോമ്പു നോറ്റ് അപേക്ഷിക്കുന്നു.

കർത്താവേ നാനാവിധക്കാരനായ പുത്രന്റെ സാദൃശ്യത്തിൽ ഞാനപേക്ഷിക്കുന്നു. എന്റെ മേൽ നീ അനുഗ്രഹം ചെയ്യണമെ. സ്വർഗ്ഗത്തോടും നിന്റെ തിരുമുമ്പാകെയും ഞാൻ പിഴച്ചു. നിന്റെ ദാസരിൽ ഒരുവനെപ്പോലെ എന്നെ കൈക്കൊണ്ട്/ നിന്റെ തിരുനാമത്തെ സ്തുതിച്ചു കൊണ്ടാടുവാൻ/നിന്റെ അനുഗ്രഹങ്ങളാൽ എന്റെ കടങ്ങളെ നീ ക്ഷമിച്ചു കൊള്ളേണമെ.

മിശിഹാ രാജാവേ, നീ വെളിപ്പെടുന്ന മഹാ വലിയ ദിവസത്തിൽ/എല്ലാ ജാതികളും പ്രവേശിക്കയും കണക്കു ചോദിക്കപ്പെടുകയും/ ദുഷ്ടന്മാരിൽ നിന്നു നല്ലവർ വേർതിരിയപ്പെടു

കയും/ അവനവനു യോഗ്യമാകുന്ന സ്ഥലത്തേക്ക് ഓരോരുത്തൻ പോകുകയും/എരിതീയാകുന്ന അഗ്നിസമുദ്രം അലറുകയും ചെയ്യുമ്പോൾ / നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കുമാറാകേണമെ. കർത്താവെ നീ കൃപ ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

ആകാശത്തിലുള്ള ഞങ്ങളുടെ പിതാവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന മറ്റു പിതാവു ഞങ്ങൾക്കില്ലായ്കയാൽ/ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്യേണമെ. ഞങ്ങൾ ഇല്ലാതെയിരുന്നപ്പോൾ നിനക്കു തിരുവുള്ളമായി ഞങ്ങളെ സൃഷ്ടിച്ചു. ഞങ്ങൾ ഉള്ളപ്പോൾ കർത്താവേ, നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതെ. നിന്റെ കൽപ്പനകളെ ഞങ്ങൾ കാത്തു നീതിയുടെ വേലകളാൽ നിനക്കു ഞങ്ങൾ ഇഷ്ടന്മാരാകുവാൻ/ അവയെ ഞങ്ങളെ പഠിപ്പിക്കേണമേ. നിന്റെ കൃപയാൽ ഞങ്ങളോടു കരുണ ചെയ്യേണമെ.

എന്റെ കർത്താവെ, അടിമയിൽ നിന്നു അവരെ കൊണ്ടുവന്നു എന്ന/ രക്ഷപ്പെട്ടവരുടെ കൂട്ടം പ്രവേശിപ്പാൻ നിന്റെ മോക്ഷവാതിൽ തുറന്നുകൊടുക്കേണമെ. നിന്റെ തൊഴുത്തിന് അവരെ നീ പ്രവേശിപ്പിക്കേണമെ. നിന്നോട് അപേക്ഷിച്ചു എന്നതുകൊണ്ട്/ അവരുടെ ഹൃദയം സന്തോഷിക്കയും, നിന്റെ മേശയിൽ അവർ ആശ്വസിക്കുകയും/ നിന്റെ ഭവനത്തിന്റെ പുഷ്ടിയിൽ നിന്ന് അവർ തൃപ്തരാകയും / നിന്റെ നീർപ്പുഴയിൽ നിന്ന് അവരെ കടിപ്പിക്കുകയും ചെയ്യേണമെ.

മനുഷ്യരെ സ്നേഹിക്കുന്നവനായ കർത്താവേ, ഞങ്ങൾ നിന്നോടു പാപം ചെയ്തു എന്നു ഞങ്ങൾ അറിയുന്നു. ഇതു ഹേതുവാൽ സ്വർഗ്ഗത്തിലേക്കു സൂക്ഷിപ്പാൻ ഞങ്ങളുടെ മുഖം ധൈര്യപ്പെടുന്നില്ല. മുഖലജ്ജയാലെ നിന്നെ ഞങ്ങൾ വിളിക്കുന്നു. നിന്റെ മനോഗുണം ഞങ്ങൾക്കുവേണ്ടി നിന്റെ നീതിയോട് അപേക്ഷിക്കേണമെ. ഞങ്ങളുടെ കർത്താവെ, ഞങ്ങളുടെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും

അവ നിന്റെ സന്നിധിയിൽ സ്വീകാര്യവും ആയിരിക്കേണമെ. മനോഗുണമുള്ളവനേ, നീ കൃപചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ.

**അപേക്ഷ**

ഞങ്ങളുടെ കർത്താവേ, അനുഗ്രഹം നിറഞ്ഞിരിക്കുന്ന നിന്റെ വലിയ വാതിലിനെ ഞങ്ങൾക്കു തുറന്നു/ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെ ആത്മാക്കൾമേൽ അനുഗ്രഹം ചെയ്യേണമെ. ഇതാ നീതിയുടെ വേലയ്ക്കുള്ള ദിവസം അടുത്തു. പാപിയേ, അനുതാപത്തിനു നീ ഓടിയെത്തി/ തോട്ടത്തിന്റെ യജമാനൻ കൂലിക്കു വിളിച്ചിട്ടുള്ള/ വേലക്കാരൊടുകൂടെ സംബന്ധിക്കുവാനായി പണം വാങ്ങിക്കൊൾക. വിരുന്നുഭവനത്തിൽ വിരുന്നുകാരനും നീ ആയിരിക്കുക. നോമ്പു നല്ലതാകുന്നു, സ്നേഹം കൂടാതെ ഒരുത്തൻ നോമ്പു നോല്ക്കുന്നു എങ്കിൽ/ അവന്റെ വ്രതത്തിനു യാതൊരു വിശേഷതയും ഇല്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു, സ്നേഹം അതിനെ കരേറ്റുന്നില്ലായെങ്കിൽ, അതിന്റെ ചിറകു ബലഹീനതയുള്ളതാകുന്നു. അവൻ കർത്താവിനെ കാണുന്നുമില്ല. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ട മിശിഹാ, ഞങ്ങളുടെ നോമ്പും നമസ്കാരങ്ങളും നീ കൈക്കൊണ്ടു ഞങ്ങളുടെമേൽ കരുണ ചെയ്യേണമെ.

## പ്രഭാത സ്തുതിപ്പ്

സകലത്തിന്റെയും ഉടയവനായ കർത്താവേ, നിന്റെ അനുഗ്രഹങ്ങളാൽ ഇന്നേദിവസം പാപം കൂടാതെയിരിപ്പാൻ/ ഞങ്ങളെ യോഗ്യരാക്കേണമെ. നീതിയിൽ ഞങ്ങൾ പാലിക്കപ്പെടേണമെ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം എന്നേയ്ക്കും സ്തുതിക്കപ്പെട്ടതുമാകുന്നു.

കർത്താവേ, നിന്റെ കൃപയും കരുണയും ഞങ്ങളുടെ മേൽ ഉണ്ടായിരിക്കേണമെ. കൃപയുള്ള കർത്താവേ, ഞങ്ങളുടെ ശരണം നീ ആകയാൽ/നിന്റെ പ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കേണമെ. അനുഗ്രഹിക്കുന്നവനായ കർത്താവേ, നിന്റെ കൃപയാൽ/നിന്റെ ന്യായപ്രമാണത്തിന്റെ വഴി ഞങ്ങളെ തിരിച്ചറിയിക്കേണമെ. പരിശുദ്ധനായ കർത്താവേ, നിന്റെ സകല പ്രകാശങ്ങളാലും/ഞങ്ങളെ പ്രകാശിപ്പിക്കേണമെ. എന്നേക്കും തന്റെ കരുണ ഞങ്ങളുടെമേൽ ഉണ്ടായിരിക്കേണമേ. കർത്താവേ, നിന്റെ കൈവേലയെ ഉപേക്ഷിച്ചു കളയരുതെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ/എന്നേക്കും സ്തുതി നിനക്കു യോഗ്യമാകുന്നു. സ്തുതി നിനക്കു ചേർച്ചയാകുന്നു. പുകഴ്ച നിനക്കു ന്യായമാകുന്നു. ആമ്മീൻ

***കർത്താവേ! നിനക്കു സ്തോത്രം ചെയ്യുന്നതും..(പേജ് 27)***

***(കൗമ്മാ, വിശ്വാപ്രമാണം)***

(മയ്യലിന്റെ നമസ്ക്കാരം സമാപിച്ചു)